വന്നുചേർന്നു
അടുത്ത എല്ലാ ഹിന്ദിപരീക്ഷകൾക്കും
ആവശ്യമുള്ള
ഹിന്ദിപുസ്തകങ്ങളും ഗൈഡുകളും
പ്രൈസ്‌ലിസ്റ്റ് സൌജന്യം!
Apply to:-
വിദ്യാരംഭം പ്രസ്സ് & ബുക്കഡിപ്പോ, ആലപ്പുഴ.

പ്രഭാതപ്പതിപ്പ് Registered No. M. 5797 PHONE No. 523 വില 1 ണ. 6 സ.

ദേശബന്ധു

Vol. 4 | കോട്ടയം 1952 സെപ്റ്റംബർ 21 ഞായർ പേജ് 4 | No 217

പരസ്യനിരക്ക്

കാഷ്പൽ:—		രൂ.	ണ.	സ.
ഒന്നാംപേജ്	ഇഞ്ചിന്	5	0	0
നാലാംപേജ്	,,	4	0	0
മൂന്നാംപേജ്	,,	3	0	0
കോൺട്രാക്റ്റ്:—		രൂ.	ണ.	സ.
ഒന്നാംപേജ്	ഇഞ്ചിന്	4	0	0
നാലാംപേജ്	,,	3	0	0
മൂന്നാംപേജ്	,,	2	8	0

ഗാന്ധിയൻ ആദർശങ്ങൾക്കു വിരുദ്ധം

റൈസ്മില്ലുകൾ അനുവദിക്കുന്നതിനെപ്പററി സ്പീക്കർ

(സ്വ—ലേ) തിരു: സെ. 20

സെപ്റ്റ: 19—ാം നു- വൈ. എം. സി. എ. ഹാളിൽ കൂടിയ സമ്മേളനത്തിൽ വച്ച് ഇക്കൊല്ലത്തെ ഗാന്ധിജയന്തി ആഘോഷങ്ങൾ ഉൽഘാടനം ചെയ്തുകൊണ്ട് തിരു—കൊച്ചി നിയമസഭാ സ്പീക്കർ കെ. പി. നീലകണ്ഠപ്പിള്ള ചെയ്ത സമുജ്ജ്വലമായ പ്രസംഗത്തിൽ സംസ്ഥാനത്തു വളരെയധികം ഒച്ചപ്പാടുണ്ടാക്കിയിരിക്കുന്ന റൈസ്മിൽ കാര്യത്തെപ്പററി ഇപ്രകാരം പറയുകയുണ്ടായി:—

മഹാത്മജി വ്യവസായ വികേന്ദ്രീകരണത്തിൽ വിശ്വസിച്ചിരുന്നു. അതായതു്, യന്ത്രം ഉപയോഗിച്ചുകൊണ്ടുള്ള വ്യവസായം മനുഷ്യനെ തൊഴിലില്ലാതാക്കിത്തീർക്കുമെന്നു മഹാത്മജി വിശ്വസിച്ചിരുന്നു. അതാണ് ഞാൻ പറിച്ചിട്ടുള്ളതു്. ഇതു ഭൂതററാണെന്ന് ആരെങ്കിലും പറഞ്ഞാൽ ഇതു പറയുന്നതു് എന്റെപരാധമല്ലെന്നു ഞാൻ പറയും. റൈസ്മില്ലുകൾ അനുവദിക്കുന്നതു് ഗാന്ധിയൻ ആദർശങ്ങൾക്ക് കടകവിരുദ്ധമാണ്. സാമ്പത്തിക വിദഗ്ദ്ധന്മാർ പറയുന്നു, യന്ത്രമുപയോഗിച്ചു നെല്ലുകുത്തുകേന്ദ്രങ്ങൾ എന്തിനു മോട്ടോർകാർ ഉപയോഗിക്കുന്നു എന്ന്. നോക്കണേ ശാസ്ത്രം പോകുന്ന പോക്ക്. വികേന്ദ്രീകരണം ഉണ്ടായില്ലെങ്കിൽ എങ്ങിനെ രാജ്യവാസികൾക്ക് തൊഴിലുണ്ടാക്കിക്കൊടുക്കും? മിൽതുണി കുറഞ്ഞവിലയ്ക്കു കിട്ടും. ഖദർ വേണമെങ്കിൽ വിലക്കൂടുതൽ കൊടുക്കണം. ഇൻഡ്യയിൽ മിൽപ്രവർത്തനം നിർത്താൻ പറയാൻ കഴിയാത്തിടത്തോളം കാലം തൊഴിലില്ലായ്മ വർദ്ധിക്കും. അതുകൊണ്ടാണ് വികേന്ദ്രീകരണം അത്യാവശ്യമാണെന്നു ഗാന്ധിജി പറഞ്ഞിട്ടുള്ളതു്. സ്വേററ വ്യവസായങ്ങൾ വികേന്ദ്രീകരിക്കണമെന്നു മഹാത്മജി പറയാനും കാര്യമിതാണ്. അങ്ങിനെയാകുമ്പോൾ ഗ്രാമങ്ങളിലെ കാര്യങ്ങൾ വലിയ ഭൂഗീഹന്മാരാനും നടത്താതെ അവിടുത്തെ പാവങ്ങൾ നടത്തിക്കൊള്ളും. ഉണ്ടാക്കുന്ന സാധനങ്ങൾക്കു മാർക്കററു കണ്ടുപിടിച്ചാൽ അവർക്കാവശ്യമുള്ളതു് അവർ വിതരണംചെയ്തുകൊള്ളും. അതാണു ഗ്രാമരിപ്പബ്ളിക്കിന്റെ കാര്യം ഗാന്ധിജി സൂചിപ്പിച്ചിട്ടുള്ളതു്.

ഉരുക്കിന്റെ വില കേന്ദ്രം വർദ്ധിപ്പിച്ചു

ന്യൂഡൽഹി, സെ: 20

ഉരുക്കിന്റെ സ്ററാറ്റ്യൂട്ടറി വിൽപ്പനവില ടണ്ണിന് ഏകദേശം 50 രൂപയായി വർദ്ധിപ്പിച്ചിരിക്കുന്നുവെന്നും ബങ്കാറു സ്റ്റീൽ കോർപ്പറേഷന് 1951,1952 എന്നീ വർഷങ്ങളിലേക്ക് കൂടുതൽ വിൽപ്പനവില ചുമത്തുന്നതിന് അനുവദിച്ചിരിക്കുന്നുവെന്നും ഇന്ത്യാഗവ: ഇന്നാരാത്രി പ്രഖ്യാപിച്ചു. വിൽപ്പനവിലയിലുള്ള വർദ്ധനവ് സെപ്തംബർ 22—ാംതീയതിമുതൽ നടപ്പിലാക്കുന്നതാണ്.

ബങ്കാറുസ്റ്റീൽ കോർപ്പറേഷന് ഇന്ത്യാഗവ: ക്ലിപ്തപ്പെടുത്തിയ പുതിയ വില്പനവില, 1951 ജനുവരി—ജൂൺമാസത്തിൽ ശരാശരി ടണ്ണിന് 309 രൂപയും 1951 ജൂലയ്—ഡിസംബർമാസത്തിൽ ശരാശരി ടണ്ണിന 303 രൂപയും 1952—ൽ ശരാശരി ടണ്ണിന് 3|9 രൂപയുമാണ്. നിലവിലുള്ള വില ടണ്ണിന ശരാശരി 284 രൂപയാണ്.

(പി—ററി—ഐ)

മലയാളിഭടൻ

മാർച്ച് ചെയ്തുവേ മരിച്ചു

ഹൈദ്രബാദ്, സെ: 20

സെക്കന്റ് ട്രാൻകൂർ ഇൻഫൻട്രിയിലെ ഹവിൽദാർ കരുണാകരൻനായർ കഴിഞ്ഞയാഴ്ച പട്ടാളം മാർച്ചുചെയ്തുപോയവഴിക്ക് ഹൈദ്രബാദിൽവച്ച് വീണുമരിച്ചുപോയി. ഇദ്ദേഹം തിരുവനന്തപുരത്തിന് അടുത്തുള്ളയാളാണ്. കുടുംബസമേതം ഹൈദ്രബാദിൽ ഗവർണ്മെന്റ് കെട്ടിടത്തിൽ താമസിക്കുകയുമായിരുന്നു.

ഈ സംഭവം കഴിഞ്ഞ ഉടൻ തന്നെ സഹഉദ്യോഗസ്ഥന്മാരും മററു പട്ടാളക്കാരും ചേർന്ന് യഥോചിതം ശവസംസ്ക്കാരം നടത്തുകയും കുടുംബത്തിന് ആയിരത്തിമുന്നൂറുരൂപാ പിരിച്ചെടുത്തു ധനസഹായം ചെയ്കയും അവരെ സ്വദേശമായ തിരുവനന്തപുരത്തേയ്ക്ക് അയയ്ക്കുകയും ചെയ്തിരിക്കുന്നു.

പോലീസിന്റെമേൽ കയ്യേററം നടന്നു

ബോംബെ, സെപ്: 20

ഇന്നലെ ജുവിടെവച്ച് ഒരു ജനക്കൂട്ടം, രണ്ടു പോലീസ് കാൺസ്റ്റബിൾമാരെ ക്രൂരമായി മർദ്ദിക്കുകയുണ്ടായി. പ്രസ്തുത കാൺസ്റ്റബിൾമാർ, ഒരു കള്ളുകടിയനെ പിടിച്ച് പോലീസ്സ്റ്റേഷനിലേയ്ക്കു കൊണ്ടുപോകുകയായിരുന്നു. ആ കള്ളുകടിയനെ പോലീസുകാരുടെ പിടിയിൽ നിന്നു രക്ഷിക്കാനായിട്ടാണ് ജനക്കൂട്ടം പോലീസുകാരെ കയ്യേററംചെയ്തതു്.

പോലീസ് കാൺസ്റ്റബിൾമാർ കള്ളുകടിയനെ പിടികൂടിയപ്പോൾ അയാൾ ഒരു പിച്ചാത്തി നിവർത്തു് അവരെ ആക്രമിച്ചുവെന്നും അതിനെത്തുടർന്നുണ്ടായ ലഹളയ്ക്കിടയിൽ അയാൾ സഹായാർത്ഥം നിലവിളിച്ചുവെന്നും അപ്പോൾ ഇരുനൂറുപേരുള്ള ചാത്തികളുമായി വന്ന ഒരു ജനക്കൂട്ടം പോലീസ് കാൺസ്റ്റബിൾമാരെ കയ്യേററംചെയ്തുവെന്നുമാണ് പോലീസിന്റെ റിപ്പോർട്ട്. (പി—ററി—ഐ)

മണിയംകരം

കമ്മററിക്ക് ഗവർമ്മെന്റിന്റെ നിർദ്ദേശങ്ങൾ

തിരുവനന്തപുരം, സെ: 20

സ്റ്റേററസംബ്ളിയിലെ 4 മെമ്പർമാരെ ഉൾപ്പെടുത്തി ഗവർമ്മെന്റു നിയമിച്ചിട്ടുള്ള ഒരു കമ്മററി, മണിയംകരം ചുമത്തുന്നതുസംബന്ധിച്ചുള്ള പ്രശ്നങ്ങളേപ്പററി പര്യാലോചിച്ചുവരികയാണ്. നിയമസഭയുടെ കഴിഞ്ഞ സമ്മേളനത്തിൽ, മണിയംകരം നിർത്തൽചെയ്യണമെന്ന് പല മെമ്പർമാരും, വിശിഷ്യാ ക്ഷേണിതിരുവിതാംകൂറിലെ മെമ്പർമാരും, ശക്തിപൂർവം വാദിക്കുകയുണ്ടായി. ഈ പ്രശ്നത്തിന്റെ വിവിധവശങ്ങളെ ഗവർമ്മെന്റ് പരിശോധിച്ചതിനു ശേഷംവേണ്ടതു ചെയ്യാമെന്ന് ലാൻഡ് റവന്യൂവകുപ്പുമന്ത്രി ചിദംബരനാഥനാടാർ സമാധാനം പറഞ്ഞിരുന്നു. റിട്ട: റവന്യൂ ബോർഡ് പ്രഥമമെമ്പർ ദാമോദരനാശാൻ ചെയർമാനായി ശുപാർശചെയ്തിട്ടുള്ള പ്രസ്തുത കമ്മിററിയോടു് താഴെപ്പറയുന്ന കാര്യങ്ങളേപ്പററി ഉപദേശം നൽകുവാൻ ഗവർമ്മെന്റ് ആഗ്രഹിക്കുന്നു.

1. ശ്രീപണ്ടാരവക വസ്തുക്കൾക്ക് അടിസ്ഥാന ഭൂനികുതി (ഒരു സെൻറിന് കാലണ നിരക്കിൽ) ഏർപ്പെടുത്തുക.

2. ഇപ്പോൾ അടയ്ക്കേണ്ടതായിട്ടുള്ള മണിയംകരം ഈടാക്കുക.

3. ഇപ്പോഴടയ്ക്കേണ്ടതായിട്ടുള്ള കരത്തിനു പകരമായി ശ്രീപണ്ടാരവകയ്ക്ക് പ്രതിഫലം കൊടുക്കണമോ എന്നും വേണമെങ്കിൽ അതു് എന്തെന്നും.—

ഒക്ടോബർ 10—ാംതീയതിക്കകം കമ്മിററി റിപ്പോർട്ടു സമർപ്പിക്കേണ്ടതാണ്. "മണിയംകരം" എന്നാൽ, ശ്രീപണ്ടാരവക (ക്ഷേത്രംവക) വസ്തുക്കൾക്ക് ഏർപ്പെടുത്തുന്ന ഒരു നികുതിയാണ്. (പി. ററി. ഐ.)

പത്രാധിപർ മോഷ്ടിക്കാൻ നിർദ്ദേശിച്ചു

"സംഭ്രമജനകമായ വാർത്ത" സൃഷ്ടിക്കുന്നതിനുവേണ്ടി

ലണ്ടൻ, സെ; 20

സംഭ്രമജനകമായ ഒരുവാർത്ത സൃഷ്ടിക്കുന്നതിനുവേണ്ടി ലണ്ടനിലെ ഒരു ന്യൂസ് എഡിററർ, ഒരു പോസ്റ്റാഫീസിലെ തപാലിലുള്ളപടികൾ മോഷ്ടിക്കുന്നതിന് റിപ്പോർട്ടറോടും ഫോട്ടോഗ്രാഫറോടും നിർദ്ദേശിച്ച രസകരമായ ഒരുസംഭവം റിപ്പോർട്ടു ചെയ്യപ്പെട്ടിരിക്കുന്നു.

ഡേവിഡ് ഇംഗ്ലീഷ് എന്ന പേരുള്ള പ്രസ്തുത റിപ്പോർട്ടറും ജോർജ്ജ് ഗ്രേട്ട് എന്ന പേരുള്ള പ്രസ്തുത ഫോട്ടോഗ്രാഫറേയും, മോഷണകൃത്യം നടത്തുവാൻ തന്നെ, പടിക്കൂട്ടുകയുണ്ടായി.

എന്നാൽ അവരെ രണ്ടുപേരെയും വെറുതെ വിടുകയാണുണ്ടായതു്. എന്നാൽ പാർല്ലമെന്ററിന്റെ ഒരു പോസ്റ്റ് ഓഫീസ് ആക്ററ് അനുസരിച്ച് അവർക്ക് 14 വർഷക്കാലത്തെ തടവുശിക്ഷ ലഭിക്കേണ്ടതായിരുന്നു.

അവരുടെ പത്രമായ 'റയ്നോൾഡ്സ് സണ്ടേന്യൂസ്' നഷ്ടപരിഹാരമായി 20 ഗിനി നൽകേണ്ടിവന്നു.

ഈ സംഭവം നടന്നതു്, ബ്രിട്ടനിൽ വളരെ അധികം മെയിലുരപ്പടികൾ മോഷ്ടിക്കപ്പെട്ടതിനെത്തുടർന്നാണ്. അക്കൂട്ടത്തിൽ 25000 രൂപാ വിലപിടിപ്പുള്ള മെയിലുരപ്പടികളും, ഒരു വാനിൽനിന്നു് മോഷ്ടിക്കപ്പെടുകയുണ്ടായി.

ഈസ്റ്റൺ റയിൽവേ സ്റ്റേഷനിൽവച്ച് രണ്ടുപേർ ഒരുമെയിൽബാഗും കൊണ്ടു് ഓടുന്നതായി പോസ്റ്റ് ഓഫീസ് ഇൻസ്പെക്ടർമാർ, പോലീസ് കോടതിയിൽ തമാഴികൊടുത്തു. പ്രധാന റയിൽവേ സ്റ്റേഷനുകളിൽ മെയിലുരപ്പടികൾ ഭദ്രമായിസൂക്ഷിക്കപ്പെടുന്നതല്ലെന്നു തെളിയിക്കുവാനാണ് ന്യൂസ്എഡിററർ തന്നോട് മോഷണം നടത്താൻ ആവശ്യപ്പെട്ടതെന്നു് റിപ്പോർട്ടറായ ഡേവിഡ് ഇംഗ്ലീഷ്, കോടതിയിൽ വെളിപ്പെടുത്തി. 'എന്നാൽ ഈ സംഭവം, ഞങ്ങൾക്കു തെററുപററിയെന്നു് തെളിയിച്ചിരിക്കുന്നു' വെന്ന് റിപ്പോർട്ടർ പ്രസ്താവിച്ചു.

മജിസ്ട്രേട്ട്, റിപ്പോർട്ടറോടും ഫോട്ടോഗ്രാഫറോടും ഇപ്രകാരം പ്രസ്താവിച്ചു:—

'പത്രപ്രവർത്തകർ ഈ വിധമുള്ള സംഭ്രമജനകമായ വാർത്തകൾ സൃഷ്ടിക്കാൻ ശ്രമിക്കുന്നതുമൂലം, പത്രങ്ങളെപ്പററിയുള്ള പൊതുജന വിശ്വാസത്തിന് ഹാനി സംഭവിക്കുന്നതാണ്.

പോലീസ്അക്രമം

പോലീസ്മേധാവിയോടു പരാതിപ്പെട്ടിട്ടും ഫലമില്ല

(സ്വ—ലേ) തിരു: സെ: 20

തിരു—കൊച്ചി പോലീസിന്റെ അക്രമപ്രവർത്തനങ്ങളെപ്പററി നാട്ടിന്റെ നാനാഭാഗങ്ങളിൽനിന്നും ദൈനംദിനമെന്നോണം പരാതിയുണ്ടായിക്കൊണ്ടിരിക്കുകയാണല്ലോ. എന്നാൽ പോലീസ് മേധാവിയുടെ മൂക്കിനുതാഴെ നടക്കുന്ന അക്രമങ്ങൾക്കു കണക്കില്ല. തിരുവനന്തപുരത്തു് രാജേന്ദ്രൻ എന്നു പേരായ ഒരു ട്രാഫിക്ക് ഹെഡ്കാൺസ്റ്റബിൾ ഉണ്ട്. ഈ ഹെഡ്കാൺസ്റ്റബിളിന്റെ ഉപദ്രവങ്ങൾക്കും ശല്യത്തിനും വിധേയരായിട്ടുള്ള പൊതുജനങ്ങളുടെ ദീനരോദനങ്ങൾ പത്രപംക്തികളിൽകൂടെ പലതവണ കേട്ടിട്ടുള്ളതാണ്. ഈ രാജേന്ദ്രന്റെ, യാത്രക്കാരോടുള്ള പെരുമാററത്തെപ്പററി പോലീസ് മേധാവിയുടെ അടുത്തുതന്നെ നിരവധി പരാതികൾ എത്തിയിട്ടുണ്ട്.

ഇന്നുരാവിലെ 11 മണിക്ക് പാളയം ജംഗ്ഷനിൽ ഫുട്പാത്തിന്റെ ഏററവും അരികിലായി ചേർന്നുനിന്നു സംസാരിച്ചുകൊണ്ടു നിന്നിരുന്ന ഒരു യുവാവിനെ ഈ. എച്ച്. സി. ഒരു വാൻനിറയെ റിസർവുപോലീസിന്റെ അകമ്പടിയോടുകൂടി എന്തോ കാരണംപറഞ്ഞു് അറസ്റ്റുചെയ്തു് പാളയം സ്റ്റേഷനിൽ കൊണ്ടുചെന്നു. നിരപരാധിയെന്നു കണ്ട പ്രസ്തുത യുവാവിനെ പാളയം പോലീസ് ഇൻസ്പെക്ടർ വിട്ടയയ്ക്കുകയുണ്ടായി.

സെക്കൻററിവിദ്യാഭ്യാസച്ചുമതല

പൂർണ്ണമായി ഗവ: വഹിക്കണം—അദ്ധ്യാപകശമ്പളം അഖിലേന്ത്യാടിസ്ഥാനത്തിലാക്കണം—വിദ്യാഭ്യാസോപദേശകസമിതിയുടെ അഭിപ്രായങ്ങൾ

(സ്വ—ലേ) തിരു, സെപ്: 20

തിരു—കൊച്ചി വിദ്യാഭ്യാസോപദേശകസമിതിയുടെ ഒരു യോഗം ഇന്നു കാലത്തു 11 മണിക്ക് വിദ്യാഭ്യാസഡയറക്ടറുടെ ആഫീസിൽവച്ച് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽകൂടി കേന്ദ്ര സെക്കണ്ടറി വിദ്യാഭ്യാസക്കമ്മററിയിൽനിന്നും അയച്ചിട്ടുള്ള പ്രശ്നാവലിയെപ്പററി ചർച്ചചെയ്യുക എന്നതായിരുന്നു യോഗോദ്ദേശം.

ഡോക്ടർ സി. ഒ. കരുണാകരൻ, അലക്സാണ്ടർ വാകയിൽ, കൈനിക്കര പത്മനാഭപിള്ള, ഫാദർവില്യംസ്, കേശവറാവു തുടങ്ങിയവർ ഇന്നത്തെ യോഗത്തിൽ സംബന്ധിച്ചിരുന്നു. പ്രശ്നാവലിയെപ്പററിയുള്ള പ്രാരംഭചർച്ചകൾ ആണ് ഇന്നു നടന്നതു്. ചർച്ചാവേളയിൽ പൊതുവേയുണ്ടായ അഭിപ്രായഗതി ഏതാണ്ടിപ്രകാരമായിരുന്നു:—

സെക്കണ്ടറിവിദ്യാഭ്യാസത്തിന്റെ മുഴുവൻ ഉത്തരവാദിത്വവും ഗവ: വഹിക്കണം. പ്രൈവററ് ഏജൻസികളെ പ്രോത്സാഹിപ്പിക്കണം. പാഠപദ്ധതിയിൽ കൃഷിക്കു കൂടുതൽ പ്രാധാന്യം നൽകണം. കൃഷിക്കായ്ത്തിൽ വിദ്യാർത്ഥികൾക്കു പ്രായോഗികപരിശീലനം കൊടുക്കണം. വിദ്യാർത്ഥികൾക്കു സാങ്കേതികവിദ്യാഭ്യാസം നൽകണം. റസിഡൻഷ്യൽ സിസ്റ്റം പ്രോത്സാഹിപ്പിക്കണം. പുതുതായി വിദ്യാലയങ്ങൾ നിർമ്മിക്കുമ്പോൾ നല്ല കെട്ടിടവും ഉപകരണങ്ങളും കളിസ്ഥലങ്ങളും ഉണ്ടായിരിക്കണമെന്നു് നിർബന്ധിക്കണം. ഇന്നത്തെ ഒഴിവുകാലങ്ങളിൽ മാററം വരുത്തണം. അഖിലേന്ത്യാടിസ്ഥാനത്തിൽ അദ്ധ്യാപകർക്കു ശമ്പളം നൽകണം.

ഉപദേശകസമിതി സെപ്ററമ്പർ 22—ാംതീയതി വീണ്ടും കൂടുന്നതാണ്.

While in Capital
Stay at
MOHAN LANDS
[STATUE ROAD, TRIVANDRUM]
An uptodate NEW Tourist Home
Near the Secretariat with all
Comfortable facilities for
Boarding and Lodging.
K. M. ABRAHAM,
PROPRIETOR.

ഹിന്ദി കാളേജ്,
ചേർപ്പുങ്കൽ, (കിടങ്ങൂർ P. O.)
1952 സെപ്തംബർ 25—ാം തീയതി വ്യാഴാഴ്ച
പുതിയ ബാച്ചുകൾ ആരംഭിക്കുന്നു.
ക്ലാസ്സുകൾ:—
10 A. M. to 4 P. M.
രാഷ്ട്രഭാഷാവിശാരദ് (ദ: ഭാ: ഹി: പ്ര: സഭ.)
വിദ്വാൻ (പ്രിലിമിനറി, ഫൈനൽ)
തിരു: യൂണിവേഴ്സിററി)
കുട്ടികൾക്കു താമസസൗകര്യങ്ങൾ ഉണ്ടായിരിക്കുന്നതാണ്.
പ്രിൻസിപ്പാൾ.

ടാൻ: ബോണസ്

കൂടുതൽചേർ വാങ്ങുന്നു

കോട്ടയം, സെ. 20

ടാൻസ്പോർട്ട് നോൺപെൻഷനബിൾ എംപ്ളോയിസിനെ പെൻഷനബിൾ ആക്കാൻ ആലോചിച്ചുകൊണ്ടിരിക്കുന്നതായുള്ള ടാൻസ്പോർട്ട് മന്ത്രി കളത്തിൽ വേലായുധൻനായരുടെ പ്രസ്താവനയെ തുടർന്നു്, കൊല്ലം കൊട്ടാരക്കര എന്നീ ഡിസ്ട്രിക്ടുകളിലെ ടാൻസ്പോർട്ട് തൊഴിലാളികൾ കഴിഞ്ഞ രണ്ടു ദിവസങ്ങളായി ബോണസ്സു വാങ്ങാൻ കൂടുതലായി മുമ്പോട്ടുവന്നുകൊണ്ടിരിക്കുന്നുവെന്നു് ഔദ്യോഗികമായി അറിയിക്കപ്പെട്ടിരിക്കുന്നു.

പിൻവലിക്കുന്നു

ടാൻസ്പോർട്ടു തൊഴിലാളികളുടെ സത്യഗ്രഹം

(സ്വ—ലേ) തിരു: സെ: 20

ടാൻസ്പോർട്ടുതൊഴിലാളികളെ സംബന്ധിച്ച് ഗവ. നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ള പദ്ധതിയേപ്പററി ടാൻ. വകുപ്പുമന്ത്രി ചെയ്തിട്ടുള്ള പ്രസ്താവനയും മന്ത്രിയുമായി നടത്തിയ അഭിമുഖസംഭാഷണങ്ങളെ ആസ്പദമാക്കി യൂണിയൻ സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടും ഈ പ്രസ്താവനയെപ്പററിയുള്ള ടാൻ: തൊഴിലാളിയൂണിയൻ സംയുക്തകമ്മററിയുടെ നിർദ്ദേശങ്ങളും ടാൻ. യൂണിയൻ എക്സിക്യൂട്ടീവിന്റെയും ഡെലിഗേഷന്റെയും സംയുക്ത കാൺഫറൻസിൽ ചർച്ച ചെയ്യപ്പെട്ടു. ഈ പദ്ധതി അവശ്യം വേണ്ടുന്ന രക്ഷാവ്യവസ്ഥകളോടെ നടപ്പിൽവരുത്തുകയാണെങ്കിൽ തൊഴിലാളികൾക്കു വമ്പിച്ച നേട്ടമായിരിക്കുമെന്നുള്ള ഐക്യകമ്മററിയുടെ തീരുമാനത്തോട് കോൺഫറൻസ് യോജിച്ചിരിക്കുന്നു. ഇപ്പോൾ നടന്നുവരുന്ന സത്യഗ്രഹപരിപാടി തുടരേണ്ടതില്ലെന്നും പരിപാടി പിൻവലിക്കണമെന്നും കോൺഫറൻസ് തീരുമാനിച്ചു.

അവരുടെ മാതൃക!

(സ്വ—ലേ) തിരു: സെ: 20

യൂണിവേഴ്സിററി കോളേജിലെ ഒരു വിദ്യാർത്ഥിയുടെ കൺസഷൻ ടിക്കററ് സെപ്തംബർ 6—ാംതീയതി തൊഴിക്കോട്ടേയ്ക്കുള്ള സിററിസർവീസിലെ കണ്ടക്ടർ നശിപ്പിച്ചുകളഞ്ഞതായി പരാതിയുണ്ടായിരിക്കുന്നു. ടിക്കററിൽ എങ്ങിനെയോ മഷി പടർന്നുപിടിച്ചതാണ് കണ്ടക്ടറുടെ ഈ കുപ്രമാററത്തിനു കാരണമെന്നറിയുന്നു. മഷി പടർന്നശേഷവും അതിന്റെ തലേദിവസവും വിദ്യാർത്ഥി ഈ ടിക്കററ് ഉപയോഗിച്ചു യാത്രചെയ്തിരുന്നു. ഇതേപ്പററി ടാൻ: ഡയറക്ടർക്കു പരാതി അയച്ചിട്ടുള്ളതായും പരാതികിട്ടിയയുടനെ ഡയറക്ടർ ആവശ്യമായനടപടികൾ കൈക്കൊണ്ടിട്ടുള്ളതായും അറിയുന്നു.

കമ്മ്യൂണിക്കേഷൻ വികസനത്തിന്

ഇന്ത്യാ ഗവ: 40 കോടി രൂപാ ചെലവഴിക്കുന്നു

പൂനാ, സെപ്ത: 20

ഈ സാമ്പത്തിക വർഷത്തിൽ, 2000—ത്തിൽപരം ആളുകൾ നിവസിക്കുന്നഗ്രാമങ്ങളിൽപോസ്റ്റ് ഓഫീസുകൾ സ്ഥാപിക്കുന്നതാണെന്നു് കേന്ദ്രകമ്മ്യൂണിക്കേഷൻ വകുപ്പുമന്ത്രി ജഗജ്ജീവൻറാം ഇന്നു് ഇവിടെവച്ചു വെളിപ്പെടുത്തി. ഈ പദ്ധതിയെത്തുടർന്നു്, അയ്യായിരവും അതിൽ കൂടുതലും ജനസംഖ്യയുള്ള ഗ്രാമങ്ങളിൽ ടെലഗ്രാഫ് ഓഫീസുകളും 50000 ജനങ്ങൾ പാർക്കുന്നഗ്രാമങ്ങളിൽ ടങ്ക് ടെലഫോണുകളും സ്ഥാപിക്കുന്ന പദ്ധതികളും നടപ്പിൽ വരുത്തുമെന്നു് അദ്ദേഹം പ്രസ്താവിച്ചു.

ആഭ്യന്തരവും ബാഹ്യവുമായ കമ്മ്യൂണിക്കേഷൻ വികസിപ്പിക്കുന്നതിനുവേണ്ടി അടുത്ത 5 വർഷത്തിനുള്ളിൽഇന്ത്യാഗവർമ്മെന്റ് 50 കോടി രൂപാ ചെലവഴിക്കുന്നതാണെന്നു് അദ്ദേഹം ഉദ്ധരിച്ചു പ്രസ്താവിക്കുകയുണ്ടായി.

(പി. ററി. ഐ)

ജീവിതത്തിൽവിനോദത്തിനുള്ളസ്ഥാനം

മഹാരാജാസ്കോളേജ്യൂണിയൻ ഉൽഘാടനംചെയ്തുകൊണ്ടു് മദ്രാസ് മേയർ നടത്തിയ പ്രസംഗം

(സ്വ—ലേ)

എറണാകുളം, സെ: 20

മഹാരാജാസ് കോളേജ് യൂണിയൻ ഇന്നുവൈകുന്നേരം 5.30—ന് മദ്രാസ് മേയർ സിഗ്ബത്തുല്ലാ ഉൽഘാടനം ചെയ്തു. ആദ്യമായി യൂണിയൻ ചെയർമാൻ മാത്യു കുര്യൻ സ്വാഗതമരുളി.

അദ്ധ്യക്ഷൻ ഉൽഘാടനപ്രസംഗത്തിൽ വിവിധജീവിത തുറകളിൽ വിനോദത്തിനുള്ള സ്ഥാനത്തെപ്പററി പ്രസ്താവിച്ചു. അദ്ദേഹം ഇപ്രകാരം പറഞ്ഞു. ഒരുവിനോദേന:സ്ഥിതി ഉണ്ടായിരിക്കാനും വിനോദമനസ്ഥിതിയോടെ പ്രവർത്തിക്കാനും കോളേജ് യൂണിയനു കഴിയണം. നിയമസഭയിലായാലും വിനോദംകൂടാതെ കഴിയുകയില്ല. നിങ്ങൾക്കു് ഒരു നല്ലനിയമസഭാസാമാജികനായി വിജയിക്കണമെങ്കിൽ പ്രസംഗത്തിൽ വിനോദംകൂടി യേകഴിയൂ. ഭരണയന്ത്രത്തിന് ഒരു യുവരക്തത്താനം അതിനേ ചലിപ്പിക്കാനും വിനോദപ്രഭാഷണങ്ങൾ പ്രയോജനപ്പെടും. നമ്മുടെ പത്രപ്രവർത്തനത്തിലും ഒഴിച്ചുകൂടാൻ പാടില്ലാത്തതാണ് വിനോദം.

ശങ്കേഴ്സ് യീക്കിലിപോലെ ഒരുഡസനോളം വാരികകൾ ഉണ്ടാകേണ്ടിയിരിക്കുന്നു. എങ്കിലേ നമ്മുടെ പൊതുജീവിതം ആനന്ദപ്രദമാകൂ. ചുമതലാബോധത്തോടും ആലോചനയോടുകൂടിയും സംസാരിക്കാൻ നാം കഴിവുള്ളവരായിരിക്കണം. ചുമതലാബോധത്തോടെ സംസാരിച്ചില്ലെങ്കിൽ അപകടമുണ്ടാകും. യൂണിയൻസെക്രട്ടറിയുടെ കൃതജ്ഞതാപ്രകടനത്തോടുകൂടി സമ്മേളനം പര്യവസാനിച്ചു.

റിക്ഷാ—സൈക്കിൾ

പ്രകടനങ്ങൾ

നാഗപ്പൂർ, സെപ്തം: 20

സോഷ്യലിസ്റ്റ് പാർട്ടിയുടെ ആഭിമുഖ്യത്തിൽ ഇന്ത്യയിലൊട്ടാകെ ആചരിക്കപ്പെട്ട "തൊഴിലില്ലായ്മവിരുദ്ധദിനം" പ്രമാണിച്ച് സ്ഥലത്തെ ഏകദേശം ആയിരത്തിൽപ്പരം തൊഴിക്കിളം റിക്ഷായും പങ്കെടുത്ത ഒരു ജാഥ ഇന്നുരാവിലെ പട്ടണം ചുററുകയുണ്ടായി. (പി.ററി.ഐ)

ലിയാക്കത്ത് വധം

വീണ്ടും അന്വേഷണം

കറാച്ചി, സെ: 20

പാകിസ്ഥാൻ പ്രധാനമന്ത്രിയായിരുന്ന ലിയാക്കത്ത് അലിഖാന്റെ വധംസംബന്ധിച്ചുള്ള പോലീസ് അന്വേഷണത്തിന്റെ "മേൽനോട്ടം" വഹിക്കുന്നതിനും അന്വേഷണത്തേ "നിയന്ത്രിക്കു"ന്നതിനും മററുമായി പാകിസ്ഥാൻ ഗവ: ഒരു മൂന്നംഗക്കമ്മററിയെ നിയോഗിച്ചിരിക്കുന്നു. കറാച്ചിയിലെ ജനറലിജൻസ് ബ്യൂറോ ഡയറക്ടർ, പാകിസ്ഥാൻ പഞ്ചാബിലെയും വടക്കപടിഞ്ഞാറേ അതിർത്തി പ്രവിശ്യയിലെയും പോലീസ് ജനസ്പെക്ടർ ജനറൽമാർ എന്നിവരാണ് മൂന്നംഗക്കമ്മററിയിലെ അംഗങ്ങൾ. ഒക്ടോബർ 16—ാം നു- റാവൽപിണ്ടിയിൽ വച്ചാണ് ലിയാക്കത്തലിഖാൻ വധിക്കപ്പെട്ടതു് വധംസംബന്ധിച്ച അന്വേഷണം നടത്തുന്നതിനുവേണ്ടി നിയമിക്കപ്പെട്ട കമ്മീഷൻ ഒരുമാസം മുമ്പ് തയാറാക്കിയ റിപ്പോർട്ടിൽ "വധത്തിനുള്ളപ്രേരണ എന്താണെന്നു മനസ്സിലാക്കാൻ സാധിച്ചിട്ടില്ല" എന്ന് പ്രസ്താവിച്ചിരുന്നു.

(പി. ററി. ഐ)

നവരാത്രിപൂജ

മതപാഠശാലകളിലും വിദ്യാലയങ്ങളിലും

(സ്വ—ലേ) തിരു: സെ. 20

കഴിഞ്ഞ വർഷത്തേപ്പോലെ ഈ വർഷവും ദേവസ്വംബോർഡിന്റെ മാനേജുമെന്റിലുള്ള എല്ലാ വിദ്യാലയങ്ങളിലും മതപാഠശാലകളിലും നവരാത്രിപൂജയുണ്ടായിരിക്കുമെന്നും പൂജവയ്പു സംബന്ധിച്ച വിശേഷാൽ പൂജയ്ക്ക് 5 രൂപയും വിദ്യാരംഭദിവസം വിദ്യാർത്ഥികൾക്ക് പ്രസാദം വിതരണം ചെയ്യുന്നതിന് 5 രൂപയും വീതം ഓരോ സ്ഥലത്തേയ്ക്കും ബോർഡ് അനുവദിച്ചിട്ടുണ്ടെന്നും ദേവസ്വംബോർഡിൽനിന്നു് അറിയിച്ചിരിക്കുന്നു. സംസ്ഥാനത്തു് പ്രവർത

ദേശബന്ധു

1128 കന്നി 5 ഞായർ

വിപ്ലവാഹ്വാനം

തിരു–കൊച്ചിയിൽ വ്യവസ്ഥാപിത ഗവർമ്മെൻറിനെതിരായി ഐ. മു. നേതൃത്വം സമരം പ്രഖ്യാപിച്ചിരിക്കുന്നു. ഇതുവരെയെന്നവണ്ണം പ്രതിഷേധപ്രകടനങ്ങളുടേയും സത്യഗ്രഹത്തിൻേറയുംമററും "വ്യവസ്ഥാപിതസമര"മല്ല, പിന്നെയോ "പോലീസ്വലയം ഭേദിച്ച് സി. പി യുടെ മുഖത്തുമായാത്ത പാടുണ്ടാക്കിയ" തരത്തിലുള്ള "സാക്ഷാൽ സമരം"തന്നെയാണ് അവർ പ്രഖ്യാപിച്ചിരിക്കുന്നത്. "മരാററ തൊഴിലാളിയുടെയങ്കിലും ദേഹത്ത് പോലീസ് മണ്ണു നുള്ളിയിട്ടാൽ പകരം ചട്ട അടി", "മർദ്ദനത്തിനു കാരണക്കാരായ മന്ത്രിമാരുടേയും കയ്യ് മുടക്കിക്കും", 'പൊതുജനങ്ങൾ മരിക്കാൻപോലും തയ്യാറായിരിക്കണം"—പ്രഖ്യാപിതമായിരിക്കുന്ന സമരത്തിലെ ചില മുദ്രാവാക്യങ്ങളും പരിപാടികളുമാണിവ. കഴിഞ്ഞ രണ്ടുദിവസങ്ങളിൽ കൊല്ലത്തും തിരുവനന്തപുരത്തും "മനുഷ്യശിരസ്സുകളുടെ മഹാസമുദ്ര"ത്തിൽ വെച്ച സഖാക്കൾ ടി. വി. തോമ്മസും, ശ്രീകണ്ഠൻനായരും, എം. എൻ. ഗോവിന്ദൻനായരും ഏററവും അസന്നിഗ്ദ്ധമായ ഭാഷയിൽ വിശദീകരിച്ച ഈ സമരപരിപാടികൾ യഥാർത്ഥത്തിൽ "രക്തത്തിൻെറയും തീയുടെയും" വിപ്ലവാഹ്വാനങ്ങളാണ്.

കൊല്ലത്തുവെച്ച് മെസ: 18–ാം തിയതി സ: ശ്രീകണ്ഠൻനായർ ഈ വിപ്ലവപരിപാടി പ്രഖ്യാപിച്ചത് ഇങ്ങനെയാണ്:–'ജനാധിപത്യത്തിൻെറ പശ്ചാത്തലത്തിൽനിന്നുകൊണ്ട് തൊഴിലാളികളേയും, ബഹുജനപ്രസ്ഥാനങ്ങളേയും കേന്ദ്രീകരിച്ചുകൊണ്ട് ഭാരതത്തെ ഒരു പുതിയ വ്യവസ്ഥിതിയിലേയ്ക്ക്—സോഷ്യലിസ്റ്റ് വ്യവസ്ഥിതിയിലേയ്ക്ക്—നയിക്കാമോ എന്ന സംഗതി കൈകാര്യം ചെയ്തുകൊണ്ടിരിക്കുകയാണ്. എന്നാൽ അതു സാദ്ധ്യമല്ലായെന്നു കാൺഗ്രസ് സർക്കാർ ഞങ്ങളെ പഠിപ്പിച്ചുകഴിഞ്ഞു. അതുകൊണ്ട് അടുത്തദിവസംമുതൽ ഞങ്ങളുടെ പരിപാടി മാററിയിരിക്കുകയാണ്". ഏതെങ്കിലുംപോലീസുകാരൻ തന്നെ തല്ലിയാൽ താൻ തിരിച്ചടിക്കുകതന്നെ ചെയ്യുമെന്നും, തൊഴിലാളികളും അപ്രകാരംതന്നെചെയ്യണമെന്നും ആവശ്യപ്പെട്ടുകൊണ്ട്, "ഈ മർദ്ദനത്തെ ചെറുക്കുന്നതിനു ലക്ഷക്കണക്കിനുള്ള ഇവിടത്തെ ആളുകൾ മുമ്പോട്ടുവന്നു 'മരിക്കാൻ പോലുംതയ്യാറായിരിക്കയാണ്" ന്നു് അദ്ദേഹം ഗദ്ഗദസ്വരത്തിൽ പ്രസ്താവിക്കയുണ്ടായി. പ്രസ്തുത യോഗത്തിൽവെച്ച് സ: എം. എൻ. നായർ തൊഴിലാളി വർഗ്ഗത്തെ ഉൽബോധിപ്പിച്ചതിങ്ങനെയാണ്:—

"ഒരുകാര്യം നിശ്ചയമാണ്. നാളെമുതൽ ഒരാററ തൊഴിലാളിയുടെ ദേഹത്ത് മണ്ണുനുള്ളിയിടുകയില്ല. 'അടിയോളമുതകുമോ അണ്ണൻതയി' എന്നതാണ് ശരി. ചട്ടയടി പകരം കിട്ടുമെന്നറിഞ്ഞാൽ ആരും തല്ലുകയില്ല. ഈ തൊഴിലാളികേന്ദ്രത്തിൽവച്ചു തല്ലുന്നതു് കടന്നൽക്കൂട്ടിൽ കല്ലെറിയുന്നതുപോലെയാണ്. അതുകൊണ്ട് അതു് ഇവിടെവച്ചു നിറുത്തണം; നിറുത്തും. ഈ മർദ്ദനത്തിന് കാരണക്കാരായ മന്ത്രിമാരുടെയും കയ്യ് മടക്കിക്കും എന്നുള്ള നിശ്ചയത്തോടുകൂടി വേണം നിങ്ങൾ ഇവിടെനിന്നും പോകാൻ."

ഈ കൊല്ലം സമ്മേളനത്തുടർന്ന് തിരുവനന്തപുരത്തു കൂടിയ സമരപ്രചാരണയോഗത്തിൽ സഖാക്കൾ ടി. വി. തോമ്മസും, ശ്രീകണ്ഠൻനായരും ഇതേ വിപ്ലവകാഹളംതന്നെയാണു മുഴക്കിയതു്. പുന്നപ്ര—വയലാറിലും, "പോലീസ് വലയം ഭേദിച്ച സർ സി. പി. യുടെ മുഖത്തു മായാത്ത പാടുണ്ടാക്കിയ"തിൻെറയും സമരപാരമ്പര്യങ്ങളുദ്ധരിച്ചുകൊണ്ട് പൊതുജനങ്ങൾ ലക്ഷക്കണക്കിന് മരിക്കാൻപോലും തയ്യാറായി മുന്നോട്ടുവരണമെന്ന് പ്രസ്തുത യോഗത്തിൽ നേതാക്കന്മാർ ആഹ്വാനം പുറപ്പെടുവിച്ചു.

ഹതഭാഗ്യയായ ഈ തിരു–കൊച്ചിയിൽ സ്ഥിതിഗതികൾ എങ്ങനെ അവസ്ഥകൾ അപകടതരവുമായി വളർന്നുവരുന്നതിനെയും വളർന്നുവരാനനുവദിക്കപ്പെടുന്നതിനെയുംപററി നീതിയെയും നിയമത്തെയും ആദരിച്ച് സമാധാനകാംക്ഷയോടുകൂടി ജീവിക്കുന്ന ജനബഹുഭൂരിപക്ഷത്തിനുള്ള ആശങ്കയും അമർഷവും പ്രതിധ്വനിപ്പിക്കുവാൻ വേണ്ടിയാണ്, ഞങ്ങൾ ഐ. മു. നേതാക്കന്മാരുടെ ഈ വിപ്ലവാഹ്വാനങ്ങൾ ഉദ്ധരിക്കയും അതേപ്പററി ചർച്ചകൾക്കൊരുമ്പെടുകയും ചെയ്യുന്നതു്. വയലാർ–പുന്നപ്രയേയും അതിലംഘിക്കുന്ന ഒരു വിപ്ലവത്തിനുള്ള ഒരുക്കങ്ങളെയാണ് ഈ സമരപ്രഖ്യാപനം ചൂണ്ടിക്കാണിക്കുന്നതു്. അന്ന് വിപ്ലവകാരികൾക്ക് തങ്ങളുടെ ശക്തിയിലും ഗവർമ്മെൻറിൻെറ ബലഹീനതയിലും ഇപ്പോഴത്തേതുപോലെ വിശ്വാസവും ഉറപ്പും ഇല്ലാതിരുന്നതുകൊണ്ടായിരിക്കണം, അവർ പുന്നപ്ര–വയലാർ സമരത്തിനുള്ള ഒരുക്കങ്ങൾ എത്രയും രഹസ്യമായി നടത്തി, മുന്നറിവുകളൊന്നും നൽകാതെ പെട്ടെന്ന് വാരിക്കുന്തവും ആസിഡ്ബോംബും എന്തിക്കൊണ്ട് ഗവർമ്മെൻറിനെ ആക്രമിച്ചതു്. ദിവാൻഭരണമവസാനിച്ച് ജനകീയഭരണം മൂർച്ഛിച്ചിരിക്കയാണിന്ന്. അതനുസരിച്ച് വീര്യവും സകശക്തികളും വിപ്ലവസാഹസികന്മാരും അവരുടെ അടവും പരിപാടികളും ഭേദപ്പെടുത്തി, ഗവർമ്മെൻറിന് പരസ്യമായിത്തന്നെ 'നോട്ടീസ്" നൽകിക്കൊണ്ട്, വിപ്ലവത്തിനുള്ള ആഹ്വാനങ്ങളും ഒരുക്കങ്ങളുമായി മുന്നേറുകയാണ്. ഈ മുന്നേററത്തിൻെറ മുൻപിൽ ഗവർമ്മെൻറിൻെറ നയമെന്താണ്, തീരുമാനവും നടപടികളുമെന്താണ് എന്ന് വ്യക്തമായ രൂപത്തിൽ അറിയാൻ ജനങ്ങൾക്ക് ആവശ്യവും അവകാശവുമുണ്ട്.

ഇവിടത്തെ ജനകീയത്തിൻെറ കരുത്തും തൻേറടവുമില്ലായ്മയെ ശരിക്കു ചൂഷണംചെയ്തുകൊണ്ട് വിപ്ലവകാരികളും മററ് അക്രമാസക്തഘടകങ്ങളും കുറെ നാളുകളായി ഇവിടെ മുറയ്ക്ക് മുന്നേറിവരുകയാണ്. ഗവർമ്മെൻറിനും "മുതലാളിമാർക്കും" എതിരായുള്ള സമരങ്ങളും ഭീഷണികളും ഇവിടെ ഒരു പതിവായിത്തീർന്നു കഴിഞ്ഞിരിക്കയാണ്. ഈ സമരങ്ങളുടെയും സമരനേതാക്കന്മാരുടെയും മുമ്പിൽ പ്രീണനവുഗ്രതയോടുകൂടി ഒരുമാതിരി അഭയാർത്ഥിനയം കൈക്കൊള്ളാൻ പൊതുജനം അധികാരിവർഗ്ഗത്തിനു ബഹുസാമർത്ഥ്യവും സന്നദ്ധതയുമാണ് ഗവർമ്മെൻറിൻെറ ആസ്ഥാനമായ തിരുവനന്തപുരംനഗരിയിൽ തൊഴിലാളിജാഥകളുടെയും സമരാട്ടഹാസങ്ങളുടെയും ബഹളംകൊണ്ട് ഒരുമാതിരി മാനംമര്യാദയോടെ ജീവിക്കാനാഗ്രഹിക്കുന്നവർക്ക് കിടക്കപ്പൊറുതിയില്ലെന്നായിട്ടുണ്ട്. മുക്കിനുനേരെ മുഷ്ടിചുരുട്ടിക്കൊണ്ടുള്ള 'വിപ്ലവാഭിവാദ്യങ്ങൾ' കണ്ടും കേട്ടും സഹിച്ചും മന്ത്രിമാർതന്നെയും ഈ പ്രസ്ഥാനത്തോട് അനുരഞ്ജിച്ചുകഴിഞ്ഞിരിക്കയാണെന്നു തോന്നിപ്പോകുന്നു.

നിയമസമാധാനപാലനങ്ങളുടെ ചുമതലയും അധികാരവും വഹിക്കുന്ന ഒരു വ്യവസ്ഥാപിത ഗവർമ്മെൻറ് ഇവിടെയില്ല, അഥവാ അങ്ങനെയൊന്നിനെ തങ്ങൾ അംഗീകരിക്കാൻ തയ്യാറില്ല എന്നുള്ള മട്ടിൽ നാടൊട്ടുക്ക് വിപ്ലവകാരികൾ കാട്ടിക്കൂട്ടുന്ന അക്രമങ്ങളെയും കാളിക്കൂളിത്തരങ്ങളെയും നിണ്ടുനിവർന്നു നിന്ന് അഭിമുഖീകരിക്കുവാനും അമർച്ചചെയ്യുവാനുംവേണ്ട രാജ്യസ്നേഹവും തൻേറടവും കുറഞ്ഞുവരുന്നുമുറയ്ക്ക് അക്രമാസക്തഘടകങ്ങൾ കൂടുതൽ കൂടുതൽ ശക്തി സംഭരിച്ചു മുന്നേറുകയാണ്. "പോലീസ്സ് ഞങ്ങൾക്ക് പല്ലാണ്, പല്ലാണ്"എന്നുള്ള മുദ്രാവാക്യത്തോടുകൂടിയ ഈ മുന്നേററമാണ് ഇപ്പോഴത്തെ സമരപ്രഖ്യാപനത്തിൽ കലാശിച്ചിരിക്കുന്നതു്. രാജ്യത്തു് നിയമസമാധാനങ്ങളും ക്രമവും മുറയും പാലിക്കുന്ന വിഷയത്തിൽ അതിപ്രഗൽഭമെന്നും മാതൃകാപരമെന്നുതന്നെയും പ്രശസ്തി സമാർജ്ജിച്ചിട്ടുള്ള ഇവിടത്തെ പോലീസിന്, ഇന്നിവിടെ പതഞ്ഞുപൊങ്ങുന്ന വിപ്ലവവാസനകളെയും പ്രവർത്തനങ്ങളെയും സഫലമായി നേരിടുവാൻ സാദ്ധ്യമല്ലെന്നുള്ള ദുരവസ്ഥ സംജാതമായിരിക്കുന്നതു് എല്ലാംകൊണ്ടും വളരെ ആശങ്കാജനകമായിരിക്കുന്നു. ഇവിടത്തെ പോലീസ് ഒപ്പാളുവേ പെട്ടെന്ന് അപ്രാപ്തനായും അസമർത്ഥരായി അധപ്പതിച്ചിരിക്കയാണെന്ന് ഞങ്ങൾ അവരെ ആക്ഷേപിക്കയല്ല. പോലീസിനെ യഥാർത്ഥ പോലീസ്സായിത്തന്നെ പുലർത്താനും പരിരക്ഷിക്കാനും ചുമതലക്കാരില്ലെന്നുള്ള നില വന്നുകൂടിയതാണ്, പോലീസ്സിൻെറ ദൌർബല്യത്തിനും കാര്യക്ഷമതാഹാനിക്കും പ്രധാനഹേതു. ഏററവും ഒച്ചപ്പാടും ബഹളവും ശല്യങ്ങളുമുണ്ടാക്കുന്നവരെ പ്രസാദിപ്പിക്കുക, അവർക്ക് കീഴടങ്ങിക്കൊടുക്കുക എന്നുള്ള ഇവിടത്തെ 'ജനകീയനുയ'മനുസരിച്ച്, സമരപാരമ്പര്യക്കാരെ പ്രീണിപ്പിക്കുവാൻ ബദ്ധപ്പെടുന്നവർക്ക് പോലീസിൻെറ ഉന്മേഷവും ഊർജ്ജസ്വലതയും തൻേറടവും പരിരക്ഷിക്കാനും വർദ്ധിപ്പിക്കാനും സാദ്ധ്യമാവുകയില്ല. വടിയും വാരിക്കുന്തവും കല്ലും കൂപ്പിച്ചില്ലായി നടത്തപ്പെടുന്ന പ്രക്ഷോഭണങ്ങളുടെയും സമരങ്ങളുടെയും മദ്ധ്യത്തിൽ ജീവനെ ഭയപ്പെടാതെ ചാടിവീണ് നിയമവും സമാധാനവും പാലിക്കാനാഗ്രഹിക്കുന്ന പോലീസിനെ, അവസാനം സമരക്കാരുമായി നടത്തുന്ന ഒത്തുതീർപ്പുകളിൽ ബലി ആടുകളാക്കുന്ന സമ്പ്രദായം, പോലീസിൻെറ ആത്മവിശ്വാസവും കർത്തവ്യനിഷ്ഠയും ശിഥിലീഭവിപ്പിച്ച് അവരുടെ "മൊറയിൽ" നശിപ്പിക്കുന്നതിൽ അത്ഭുതപ്പെടാനെന്താണുള്ളതു്? കർത്തവ്യനിർവഹണത്തിൽ ഏർപ്പെട്ട് ക്ഷതവും ക്ഷീണവും സംഭവിച്ച പോലീസിനെ പരിക്ഷണഘട്ടങ്ങളിൽ കൈവെടിഞ്ഞ് സ്വന്ത ചർമ്മവും താൽപ്പര്യങ്ങളും സംരക്ഷിക്കുവാൻ തയ്യാറാകുന്ന അവസരസേവകനായ ഒരു ഐ ജി.യാണ് തങ്ങളുടേതെന്ന് അനുഭവബോദ്ധ്യമുള്ള പോലീസ്സൈന്യത്തിൽനിന്ന് ഇവിടെ തൽക്കാലം വളരെയൊന്നും പ്രതീക്ഷിക്കേണ്ടതായില്ല.

ഇങ്ങനെ, പൊതുജനവ ഇവിടെ ഭരണവും പോലീസ്സേനയും ദുർബലവും ചഞ്ചലവുമായിച്ചമഞ്ഞിരിക്കയാണെന്നുള്ള അനുഭവവും ബോദ്ധ്യവുമാണ്, ഇപ്പോഴത്തെ സമരപ്രഖ്യാപനങ്ങൾക്കു പ്രധാനനിദാനം. തക്കതായ ഒരുക്കങ്ങളും ഏർപ്പാടുകളും കൂടാതെ ഐ മു നേതൃത്വം ഇങ്ങനെയൊരു വിപ്ലവാഹ്വാനം പുറപ്പെടുവിക്കുമെന്നു വിശ്വസിക്കാൻ നിർവാഹമില്ല. അതിനാലാണ് സ്ഥിതിഗതികൾ എത്രയും ആശങ്കാജനകവും അപകടകരവുമാണെന്ന് ഞങ്ങൾ പറയുന്നതു്. നിയമത്തിലും നീതിയിലും അധിഷ്ഠിതമായ സമാധാനജീവിതവും സ്വൈരതയും അഭിലഷിക്കുന്ന ജനബഹുഭൂരിപക്ഷത്തെ ഈ വിപ്ലവകാരികളുടെ തോന്ന്യാസങ്ങളിലും അക്രമങ്ങളിലും ഹിംസയിലുംനിന്നു ഭദ്രമായി കാത്തുരക്ഷിക്കുന്നതിനുള്ള പാവനമായ കർത്തവ്യത്തിലും ചുമതലയിലും നിന്ന് ഗവർമ്മെൻറ് ഏതു ഞി ലും കാ ര ണ വ ശാ ൽ ഒഴിഞ്ഞുമാറുകയോ, പരമമായ ആ കർത്തവ്യവും ബാദ്ധ്യതകളും തികച്ചും പൂർണ്ണമായി നിർവഹിക്കാതിരിക്കുകയോ ചെയ്യുന്ന പക്ഷം സർവവിനാശമായിരിക്കും ഫലം. ഈ ഗവർമ്മെൻറ് ഇങ്ങനെയൊരു അവിവേകത്തിനും ദ്രോഹത്തിനും യാതൊരു വിധത്തിലും തെല്ലും പങ്കാളികളാകയില്ലെന്നതുതന്നെയാണ് ഞങ്ങളുടെ ദൃഢബോദ്ധ്യം. അതിനാൽ, ഐ. മു. വിൻെറ ഈ വിപ്ലവാഹ്വാനത്തെ ഏററവും സശക്തവും ധീരവുമായി അഭിമുഖീകരിക്കാനുള്ള ദൃഢവ്രതത്തോടുകൂടി ഗവർമ്മെൻറ് അടിയന്തിരമായി മുന്നോട്ടുവരേണ്ടതാണ്. ഇപ്പോൾത്തന്നെ സ്ഥിതിഗതികൾ സാമാന്യം വഷളായിട്ടുണ്ട്. ഇനിയെങ്കിലും ഗവർമ്മെൻറ് അണമാത്രംപോലും ഇടറാതെ പതറാതെ തികഞ്ഞ കരുത്തോടും തൻേറടത്തോടുംകൂടി പ്രവർത്തിക്കാത്ത പക്ഷം, ഇപ്പോൾ ഒരുപക്ഷെ,'സൂചികൊണ്ടെടുക്കാവുന്നതി" ന്ന് തുമ്പാതന്നെ പ്രയോഗിക്കേണ്ടിവന്നേക്കാം. ആ 'തുമ്പാപ്രയോഗം'തന്നെയും പൂർണ്ണമായി ഫലിക്കുവാൻ പ്രയാസമുണ്ടാകയില്ലെന്ന് ആർക്കു നിശ്ചയിക്കാം. അതിനാൽ, ഐ. മു. വിൻെറ ഈ സമരപ്രഖ്യാപനത്തിന് 'ക്രിയാകേവലമുത്തരം' എന്ന രീതിയിൽ ഗവർമ്മെൻറ് സത്വരവും സഫലവുമായ മറുപടി നൽകണമെന്ന് ഞങ്ങൾ തികച്ചും ഗൗരവബുദ്ധിയോടുകൂടി ആവശ്യപ്പെട്ടുകൊള്ളുന്നു.

—o—

വിപ്ലവാഹ്വാനം

ഐ. മു. നേതാക്കന്മാർ സമരപ്രഖ്യാപനം ആവർത്തിക്കുന്നു—അങ്ങേഅററം വരെ സമരം, അതിൻെറ ഫലം ഏ. ജെ. ജോണാണനുഭവിക്കുവാൻ പോകുന്നു എന്ന് ടി. വി. തോമ്മസ്—സമരം ചെയ്തു മുന്നേറും, ഒരു പുതിയ ലോകത്തിൻെറ പിറവിക്കുവേണ്ടി മരിക്കാൻതന്നെ ജനങ്ങൾ തയ്യാറാകണം, പോലീസിൻെറ വലയം ഭേദിച്ചും സി. പി. യുടെ മുഖത്തുമാഞ്ഞുപോകാത്ത പാടുണ്ടാക്കി പറഞ്ഞതയ്ക്കാൻപോലും ധീരതയുള്ളവരെ ഭയപ്പെടുത്താൻ കാൺ: ഭരണാധികാരികൾ ശ്രമിക്കുന്നതു് ഫലിക്കയില്ല—സ: ശ്രീകണ്ഠൻനായർ

തിരുവനന്തപുരം, മെസ: 19

ഇന്നു രാവുകുന്നേരം ഏഴ്മണിക്ക് പഴവങ്ങാടിമൈതാനത്തുവച്ച് ഐക്യകക്ഷിമററിയുടെ ആഭിമുഖ്യത്തിൽ സ: എൻ. ശ്രീകണ്ഠൻനായർ എം. പി. യുടെ അദ്ധ്യക്ഷതയിൽ ഒരു വമ്പിച്ച പൊതുയോഗം കൂടുകയുണ്ടായി.

സ. ററി. വി. തോമ്മസ് എം. എൽ. എ. യുടെ സ്വാഗതപ്രസംഗത്തിൽ ഇപ്രകാരം പ്രസ്താവിച്ചു.

"ഓൻ.സമരം ഇപ്പോൾ പെൻഷണബിൾ യൂണിയനാക്കി ഒതുക്കാനാണ് ഗവ: ഭാവിക്കുന്നതു്. അതിൽ ഞങ്ങൾക്കു തർക്കമില്ല. പക്ഷെ അതിൻെറ പുറകിലുള്ള പദ്ധതിപ്രകാരമായാൽ പെൻഷൻ കിട്ടുകയില്ല. ഒരു ബസ്സ് ഒന്നു മുട്ടിയാൽമതി എവിടെയെങ്കിലും, സസ്പെൻഷനായി ശിക്ഷയായി. പിന്നെങ്ങിനെ പെൻഷൻ കിട്ടും.

ഇതെല്ലാം ജനങ്ങളെ കളിപ്പിക്കാനുള്ള അടവുകളാണ്. പെൻഷൻ കിട്ടത്തക്ക ശരിയായ സംരക്ഷണ വ്യവസ്ഥയുണ്ടായാൽ—പെൻഷൻ കിട്ടുമെന്നു വിശ്വാസം വന്നാൽ ഞങ്ങൾ അതു സമ്മതിക്കുവാൻ തയ്യാറാണ്. അല്ലെങ്കിൽ ഈ സമരം ഊർജ്ജിതമായി നടത്തുകതന്നെ ചെയ്യും. ഇതു വെറും ഓൻ: സമരമല്ല. തൊഴിലാളി വിഭാഗങ്ങളുടെ മുഴുവനുമായുള്ള സമരമാണ്.

ഐക്യകക്ഷിമററി കൂടിക്കൊണ്ടിരിക്കുകയാണ്. വേണ്ടിവന്നാൽ ഞങ്ങൾ അങ്ങേഅററം സമരം ചെയ്യും. ഇതിൻെറ ഫലം ഏ. ജെ. ജോണാണ് അനുഭവിക്കാൻപോകുന്നതെന്നോർമ്മയിരിക്കട്ടെ, തൊഴിലാളികളല്ല".

ശ്രീകണ്ഠൻനായർ

സ: ശ്രീകണ്ഠൻനായരുടെ പ്രസംഗം ഇങ്ങനെ സംഗ്രഹിക്കാം.

വളരെ ഗൗരവമുള്ള ഒരു സന്ദർഭത്തിലാണ് ഈ യോഗം ഇവിടെ കൂടിയിരിക്കുന്നതു്. തിരു–കൊച്ചിയിലെ എല്ലാ വിഭാഗത്തിൽപ്പെട്ട തൊഴിലാളികളും ഇന്ന് ഒന്നുചേർന്നു തങ്ങളുടെ അവകാശസംരക്ഷണത്തിനു വേണ്ടി ഒരു ജീവൽമരണസമരത്തിൽ മുന്നേറാൻ ഇറങ്ങിയിരിക്കുകയാണ്. തൊഴിലാളികളുടെ മനോവീര്യം നഷ്ടപ്പെടുത്തി തങ്ങളിൽ തല്ലിച്ച് തൊഴിലാളികളെ ചോരയിൽമുക്കി കൊല്ലാൻവേണ്ടി വൃത്തികെട്ട ഹീനമായ ഒരു നയത്തിൽ ഇവിടത്തെ കാൺ: സർക്കാർ മുന്നോട്ടു വന്നിരിക്കുകയാണ്. കാൺ ഗവ: നോട് അവർതന്നെ ഉണ്ടാക്കിവച്ചിട്ടുള്ള–നിയമസംഹിതകളിൽ രേഖപ്പെടുത്തിവച്ചിട്ടുള്ള അവകാശങ്ങൾ കിട്ടണമെന്നു പറഞ്ഞാൽ അതു സമ്മതിച്ചുതരുവാൻ അവർ തയ്യാറില്ല. ഇവിടെയുള്ള തൊഴിലാളികൾ തങ്ങളുടെ ന്യായമായ അവകാശങ്ങൾ അനുവദിച്ചുതരണമെന്നാവശ്യപ്പെട്ടാൽ തൊഴിലാളികൾക്കെതിരായി പോലീസിനെ അഴിച്ചുവിട്ടു മർദ്ദനം നടത്തുകയാണ് കാൺഗ്രസ് സർക്കാരിൻെറ നയം.

തൊഴിലാളി പ്രവർത്തനത്തിൽ എല്ലാ സംഘടനകളും പ്രവർത്തിക്കുന്നുണ്ട്. വേണമെങ്കിൽ കാൺ: ന്യായമായി സംഘടിപ്പിക്കട്ടെ. അല്ലാതെ തൊഴിലാളിസംഘടനകളെ തച്ചുടച്ചു തമ്മിൽത്തല്ലിച്ചു ഭരിക്കാമെന്നാണ് വ്യാമോഹമെങ്കിൽ, മുതലാളിതാല്പര്യങ്ങളെമുഴുവൻ സംരക്ഷിച്ചുകൊണ്ട് തൊഴിലാളികളുടെ അവകാശങ്ങൾ നിഹനിക്കാനാണ് ഭാവമെങ്കിൽ, അതു് ഇവിടെ നടക്കുവാൻ പോകുന്നില്ല. ഗുണ്ടാകളെക്കൊണ്ടു് തൊഴിലാളി സമരങ്ങളും പ്രവർത്തനങ്ങളും തച്ചുടയ്ക്കാൻ ശ്രമിക്കുന്ന കാ: ഗവ: നെ പ്രററി സ: ശ്രീകണ്ഠൻ പറഞ്ഞതു്, അതുരവറം മദ്ധ്യമാണെന്നാണ്. ഗുണ്ടാകളുടെ ആക്രമണങ്ങൾക്ക് ഉദാഹരണമായി മുണ്ടക്കയം സംഭവം വിവരിച്ചുകൊണ്ട് തുടർന്നു. കൊല്ലം സാമിൽ തൊഴിലാളിസമരത്തെപ്പററി പറഞ്ഞതു് രണ്ടേകാൽശതമാനം ബോണസ്സിൻെറ കാര്യത്തിൽ 50–ൽ പരം സാമിൽ തൊഴിലാളികളെ അറസ്റ്റ് ചെയ്തു ലാക്കപ്പിലിട്ടു മർദ്ദിച്ചു. സാമിൽ തൊഴിലാളിയൂണിയൻ സെക്രട്ടറി സ. കരുണാകരനെ, ഒരു ഷേ ഇൻസ്പെക്ടർ ഓടാൻ പറഞ്ഞുകൊണ്ടു് വഴിയിൽ വച്ചു മർദ്ദിച്ചു വാനിൽ കയററി ലാക്കപ്പിലടച്ചു.

വെണ്ടർ കൃഷ്ണപിള്ളയുടെ മേലുള്ള ഏറിനെ പരാമർശിച്ചു പറഞ്ഞതു്, "അക്കാരണത്താൽ അൻപതോളം പേരെ ഉൾപ്പെടുത്തി ഒരു കേസ് ഫയൽ ചെയ്യാൻ ഉദ്ദേശിക്കുന്നതായി അറിഞ്ഞു. ഒരു ഗൂഢാലോചനക്കേസിൽ ഞാനും ററി. കെ. ദിവാകരനുംമററും ഒളിച്ചോട്ടമെന്നു കരുതുന്ന വിധിത്തമാണ് ഗവ:നുള്ളതെങ്കിൽ അതു മൗഢ്യമാണ്. സി. പി. യുടെ കാലത്തു്, ഒരുകുപ്പി പാലുമോഷ്ടിച്ചെന്നും, 10 തേങ്ങാ കട്ടെന്നും പറഞ്ഞു കള്ളക്കേസുണ്ടാക്കി കുടുക്കിക്കളയാമെന്നു വ്യാമോഹിച്ച സി.പി–യുടെ മൗഢ്യം അന്നത്തെ എതിരാളികളായിരുന്ന ഇന്നത്തെ കാൺഗ്രസ്സിലെ ഭരണമേധാവികൾക്കുതന്നെ ഓർമ്മയിരിക്കുമല്ലോ ഏ. ജെ. ജോണും ററി. എം. വർഗ്ഗീസും അറിയണം, പോലീസിൻെറ വലയം ഭേദിച്ചും സി. പി. യുടെ മുഖത്തു മാഞ്ഞുപോകാത്ത പാടുണ്ടാക്കി പറഞ്ഞതയ്ക്കാൻപോലും ധീരതയുള്ളവരെയാണ് ഈ മാതിരി നിസ്സാരകാര്യങ്ങളിൽ ഭയപ്പെടുത്താൻ മുതിരുന്നതു്. അവരെയാണ് നിസ്സാരനായ ഒരു ബണ്ടറിൻെറ മേൽ ആരോ എറിഞ്ഞതെന്നുള്ള കാരണത്തിൽ ഗൂഢാലോചനയിൽ ഉൾപ്പെടുത്തി കുടുക്കിക്കളയാമെന്നു വ്യാമോഹിക്കുന്നതു് എന്ന്".

ഓൻ: തൊഴിലാളികളുടെ മാത്രമല്ല, എല്ലാ തൊഴിലാളികളുടെയും അവശതകൾ പരിഹരിക്കപ്പെടണം. ഗവ: ഇതിനു സൗഹൃദസ്തം നീട്ടുവാൻ ഭാവമില്ലെങ്കിൽ ഒക്ടോബർ1–ം,5–ം തീയതികളിലായി ഞങ്ങൾ ഐക്യകക്ഷിമററികൂടി അവസാന തീരുമാനമെടുക്കാൻ തീരുമാനിച്ചിരിക്കുകയാണ്. ഈമാതിരിയുള്ളഅഴിമതി തടയാൻതന്നെ ഞങ്ങൾ ദൃഢപ്രതിജ്ഞ ചെയ്തിരിക്കുകയാണ്. ഒന്നുകിൽ ഞങ്ങൾ മുന്നേറും ഇല്ലെങ്കിൽ പരാജയപ്പെടട്ടെ.

ഓൻ: യൂണിയൻ നാൺപെൻഷണബിൾ യൂണിയനാണ് അവരെ പെൻഷനബിളാക്കുന്നതത്രേ. ഇതിൽ ഞങ്ങൾക്ക് എതിരില്ല. ഓൻ: ജീവനക്കാരെ പെൻഷണബിളാക്കി ഞങ്ങളുടെനേതൃത്വം നശിപ്പിക്കണമെന്നുമാത്രമാണ് വ്യാമോഹമെങ്കിൽ ഇനിയും അവരുതകളുനു ഭവിക്കുന്ന നിരവധിയാളുകൾ, ഞങ്ങളെ വിശ്വസിക്കുന്നവർ ഇവിടെയുണ്ടെന്നു ധരിക്കണം.

ഓൻ: ഡിപ്പാർട്ടുമെൻറിൽ മുമ്പൊരു ശമ്പളപരിഷ്കാരം വരുത്തി ഉയർന്ന ഉദ്യോഗസ്ഥന്മാരെ മാത്രം തൃപ്തിപ്പെടുത്തിയതു സൂചിപ്പിച്ചുകൊണ്ട് ആ അവകാശവാദം ഇന്നും അസ്തമിച്ചിട്ടില്ല. അതു പുകയുന്ന ഒരു അഗ്നിപർവ്വതമാണ്. ആ അവകാശവാദങ്ങളിൻെറ കൂട്ടത്തിൽ ഈ ബോണസ്സുകാര്യവും ഉൾപ്പെടും. അടിസ്ഥാനശമ്പളം നിശ്ചയിക്കാതെ പെൻഷണബിളാക്കിക്കളയാമെന്നാണ് വ്യാമോഹമെങ്കിൽ എൻ. ജി ഓ. മാരേപ്പോലെ അർദ്ധപ്പട്ടിണിയിൽ ഇവരേക്കൂടി ഉൾപ്പെടുത്തി ഉപദ്രവമൊഴിക്കാനാണ് ഭാവമെങ്കിൽ നിലവിലുള്ള എല്ലാ അവശതകളും പരിഹരിക്കാതെയിരുന്നാൽ – സാദ്ധ്യമല്ല. ഞങ്ങൾ അതൊട്ടു സമ്മതിക്കാനും തയ്യാറില്ല. എന്നാൽ ഞങ്ങൾ ഒന്നുചേർന്നു സമരം ചെയ്യും ന്യായമായ അവകാശങ്ങൾക്കുവേണ്ടി മുന്നേറും.

തുടർന്നു പൊതുജനങ്ങളോടായി അദ്ദേഹം പറഞ്ഞതു്, ഒരു പുതിയ ലോകത്തിൻെറ പിറവിക്കുവേണ്ടി മരിക്കാൻതന്നെ തയ്യാറാകണമെന്നാണ്".

"സ്വരാജ് സംഭവം"

"സ്വരാജ് കമ്പനി വക ബസ്സുകൾ വളരെ കണിശമായും ചുമതലാബോധത്തോടുകൂടിയും ഓടിക്കൊണ്ടിരിക്കുന്നവയാണ്. സ്വരാജ് കമ്പനികളുടെ നാഥനായ മി. കെ. എൻ. ശങ്കുണ്ണിപ്പിള്ള പല പ്രാവശ്യവും, ഒരു യുവസായിയായിരുന്നിട്ടും ജനപക്ഷത്തു നിന്നതുമൂലം സി. പി. ഭരണകാലത്തു് ആ സ്ഥാപനങ്ങൾക്ക് സ്തംഭനാവസ്ഥ നേരിട്ടിട്ടുണ്ട്. എതിർപ്പുകളെയെല്ലാംഅതിജീവിച്ച് അദ്ദേഹം അചഞ്ചലമായ ആത്മവിശ്വാസത്തോടുകൂടി മുന്നോട്ടു പാഞ്ഞു. അതിൽ പലർക്കും അസൂയയുണ്ട്"

"പക്ഷെ, ഈ ജനകീയയുഗത്തിൽ ഇത്ര പൊട്ടന്നന്നേ അദ്ദേഹത്തിൻെറ സ്ഥാപനങ്ങളുടെ മേൽ പോലീസ് അധികാരികളുടെ ആക്രമണമുണ്ടാകുമെന്ന് ആരും വിചാരിച്ചില്ല....ഇവിടത്തെ ട്രാഫിക്ക് ഡിപ്പാർട്ടുമെൻറിലെ അഴിമതികൾ അനന്തനുപോലും വിവരിക്കുക സാദ്ധ്യമല്ല—ദക്ഷിണഭാരതിയുടെ മുഖപ്രസംഗം

തിരു–കൊച്ചിയിലെ ഏററവും പഴക്കവും പ്രചാരവുമുള്ള വാരികയായ 'ദക്ഷിണഭാരതി' സ്വരാജ് സംഭവം എ

സൌജന്യം

കമ്മീഷൻ അടിസ്ഥാനത്തിലോ 300–500 രൂ പ്രതിമാസം ശമ്പളത്തിലോ ഞങ്ങളുടെ നവീനമാതൃകയിലുള്ള ഫൗണ്ടൻ പേനകൾ വില്പനയ്ക്ക് ഏജൻറന്മാരെ ആവശ്യമുണ്ട്. സാമ്പിളുകൾക്കും സൗജന്യ ഏജൻസിയ്ക്കുവ സ്ഥാപനങ്ങൾക്കും എഴുതുക.

American Pen Store,
(D. B. K.) Putlighar,
AMRITSAR.

കരുവാററാ

കരുവാററാ വഴിയമ്പലത്തിനു സമീപം രണ്ടുസ്ത്രീകൾമാത്രം താമസിക്കുന്ന ഒരു വീട്ടിൽ ഇക്കഴിഞ്ഞ ദിവസം രാത്രി ഒരുകൂട്ടം മദ്യപാനികൾ കടന്നുചെന്ന് അവരെ അപമാനിക്കുവാൻ ശ്രമിച്ചതായും, ദേഹോപദ്രവമേല്പിച്ചതായും മററും ഒരു കേസ് ഉത്തവിച്ചിരിക്കുന്നു. ഹരിപ്പാട്ടു പോലീസ് ഊർജ്ജിത നടപടികൾ ആരംഭിച്ചിരിക്കുന്നു.

പരസ്യം

കോട്ടയം ജില്ലാ കോടതിയിൽ 1950–ൽ സി. നമ്പ്ര 163.

വാദി:— ഫ്റീ ഇൻഡ്യാ ട്രസ്റ്റ് ക്ലിപ്പം, കോട്ടയം. കമ്പനിക്കുവേണ്ടി കമ്പനിയുടെ ഡയറക്ടരും സിക്രട്ടറിയും ആയ മാത്യു ജെ. കൈതക്കരി.

പ്രതികൾ:— 1. ഏററുമാനൂർ കിഴക്കുംകരയിൽ തെക്കേമഠത്തിൽ കെ. വി. ശങ്കരനാരായണയ്യർ എന്ന് എഴുതിവരുന്ന വെങ്കിടാചലമയ്യർ ശങ്കരനാരായണയ്യൻ.

3. ടി കരയിൽ വെട്ടിക്കൽ വടക്കേവീട്ടിൽ എൻ. ശങ്കരപ്പിള്ള.

ടി പ്രതികളെ തെയ്യപ്പെടുത്തുന്നതു:—

മേൽ നമ്പരിൽ പ്രതികൾക്കു പരസ്യനോട്ടീസ് അയച്ചതിൽ മടങ്ങിവന്നിട്ടുള്ളതിനാൽ കേസിൻെറ അടുത്ത വിചാരണദിവസം ആയ 1952 സെപ്തംബർ 29–ാംനു-പകൽ 11 മണിക്ക് പ്രതികൾക്ക് വല്ല ആക്ഷേപവും ഉണ്ടെങ്കിൽ ഈ കോടതി മുമ്പാകെ ഹാജരായി ബോധിപ്പിച്ചുകൊള്ളേണ്ടതാകുന്നു.

19–9–52. അഡ്വക്കേററ്:– എം. മർക്കോസ്.

വയസ്ക്കര ആയുർവിലാസം ഔഷധശാല, കോട്ടയം.

ബ്രാഞ്ച്:—തിരുവനന്തപുരം.
ഏജൻസികൾ:—അതിരമ്പുഴ, ആലപ്പുഴ.

ബ്രഹ്മശ്രീ വയസ്ക്കരമൂസ്സ് അവർകൾ രോഗികളുടെ സൗകര്യാർത്ഥം ഇവിടെ ഉണ്ടായിരിക്കുന്നതും രോഗവിവരങ്ങൾ എഴുതി അയച്ചാൽ ചികിത്സ നിശ്ചയിച്ച് വിവരം അറിയിക്കുന്നതുമാണ്. അദ്ദേഹത്തിൻെറ പ്രത്യേക മേൽനോട്ടത്തിൽ തയ്യാറാക്കിയിട്ടുള്ള ആയുർവ്വേദൗഷധങ്ങൾ എപ്പോഴും തയ്യാറുണ്ട്. കുററ്റ്ലോഗിനാവശ്യപ്പെടുക. ഔഷധങ്ങൾ വി. പി. അയയ്ക്കുന്നതാണ്.

എന്ന്, ഹെഡാഫീസ്, കോട്ടയം.

5 രൂപയ്ക്കു റേഡിയോ



വ്യക്തവും കർണ്ണമധുരവുമായ സ്വരം, വിദ്യുച്ഛക്തിയോ ബാററിയോ ആവശ്യമില്ല. വെറും 5 രൂപയ്ക്കു നിങ്ങൾക്കു ലഭിക്കും. ഞങ്ങളുടെ പുതിയ പദ്ധതിയുടെ പ്രചാരത്തിനുവേണ്ടി മാത്രം നൽകപ്പെടുന്നതു്. സ്റ്റോക്കു പരിമിതം. നിരാശയ്ക്കിടയാകാതെ മുൻകൂട്ടി ആവശ്യപ്പെടുക:–

American Trading Co., Radio House, (D.B.K)
Jullundur City.

ഉത്തരവാദിത്വമുള്ള
A.S.S. മാർട്ട്
നാടൻ
നല്ലെണ്ണ
½ റാത്തൽ ടിൻ 1
2
4
8
36 റാത്തൽ ടിൻ അടക്കം
PROP-A. S. S. NADAR
PALACE ROAD, ALLEPPEY

പരസ്യം

കോട്ടയം മുൻസിഫ് കോർട്ടിൽ 1952 സ്മാരം നമ്പർ 66.

വാദി:— ദേശബന്ധു ദിനപ്പത്രം, കോട്ടയം. ടി കക്ഷി വേണ്ടി മാനേജർ സി. എം. ശങ്കരപ്പിള്ള.

വാദിഭാഗം അഡ്വക്കേററ്: കെ. പി. രാമകൃഷ്ണൻനായർ.

പ്രതി:—തിരുവല്ലാത്താലൂക്കിൽ തടിയൂർപകുതിയിൽ മനഞ്ചിയൂർമുറിയിൽ ഇരുത്തിയിൽ വീട്ടിൽ ററി. എം. മത്തായി.

മേൽ നമ്പരിൽ പ്രതിയെ തെയ്യപ്പെടുത്തുന്നതു്:—

ടി നമ്പരിൽ പ്രതിക്ക് ഈ കോടതിയിൽനിന്നും അയച്ച സമൻ പ്രതി കൈപ്പററാതെ മടങ്ങിവരുകയാൽ വീണ്ടും സമൻ വരുന്നതിലേയ്ക്കായി 20–10–52–ലേയ്ക്ക് അവധിവെച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ 11 മണിക്കുമുമ്പായി പ്രതിയോ അധികാരപ്പെടുത്തപ്പെട്ട അഡ്വക്കേറേറാ മുഖാന്തിരം കോടതിയിൽ ഹാജരായി തർക്കം വല്ലതുമുണ്ടെങ്കിൽ ബോധിപ്പിച്ചുകൊള്ളേണ്ടതും അല്ലാത്തപക്ഷം പ്രതിയെക്കൂടാതെതന്നെ ടി കേസ് തീർച്ചചെയ്യുന്നതാണെന്നുമുള്ളവിവരം ഇതിനാൽ തെയ്യപ്പെടുത്തിക്കൊള്ളുന്നു.

എന്ന്, അഡ്വക്കേററ്, കെ. പി. രാമകൃഷ്ണൻനായർ.

16–9–52. (ഒപ്പ്).

ശ്രീലക്ഷ്മി ചിട്ടിഫണ്ട് Ltd.,

തിരുവനന്തപുരം.

A, B, C, D, E എന്നീ അഞ്ചു ക്ളാസുകളിലായി

10000 രൂപായുടെ

പ്രതിമാസലേലച്ചിട്ടി പുതുതായി ആരംഭിക്കുന്നു

★ ക്യാഷ് സെക്യൂറിട്ടിയിന്മേൽ ★

A	മാസം ഒന്നിനു	100	ഇ. രൂപാവീതം	40 മാസം	ഇ. രൂപാ	4000
B	”	50	”	”	”	2000
C	”	30	”	”	”	1200
D	”	20	”	”	”	800x2
E	”	15	”	”	”	600x2

മാനേജർ വി. ഗോപാലൻനായർ,
ശ്രീ ലക്ഷ്മി ചിട്ടി ഫണ്ട് ലിമിററഡ്, പുത്തൻചന്ത, തിരുവനന്തപുരം.

ഉടൻ പ്രതീക്ഷിപ്പിൻ!

കോട്ടയം - സ്ററാറിൽ

'52–ലെ ഏററവുംമികച്ച വീരവനസാഹസചിത്രം

ബാബുറാവ്, ഭഗവാൻ, വസന്തറാവു, ലീല ഗുപ്തേ, മായ്രി മുതലായ പ്രശസ്തതാരങ്ങൾ അഭിനയിച്ചതും വളരെ പണം ചെലവുചെയ്തു നിർമ്മിച്ചതുമായ

ജംഗിൾമാൻ

(ഹിന്ദി)

കർണ്ണാനന്ദകരങ്ങളായ ഗാനങ്ങൾ—വന്യമൃഗങ്ങളുമായുള്ള പോരാട്ടങ്ങൾ—സംഭ്രമജനകമായ രംഗങ്ങൾ....

കേരളത്തിലെ പ്രധാനകേന്ദ്രങ്ങളിൽ ഉടൻ പ്രദർശനമാരംഭിക്കുന്നു.

For Kerala: Kerala Movie Tone, Kottayam.

ഒന്നേകാൽരൂപയ്ക്ക് അമ്മാവൻെറജീവൻ

പുതുക്കോട്ട, ഒസ: 17

കൂലികിട്ടിയ ഒന്നേകാൽ ഉറുപ്പിക വിജയിക്കുന്നതിൽ തൻെറ ബന്ധുക്കൾ തമ്മിൽ നടന്ന ശണ്ഠ രഞ്ജിപ്പിൽ കലാശിപ്പിക്കുന്നതിനു ദയാപൂർവം ശ്രമിച്ച കറപ്പന് ദുരന്തം സംഭവിച്ചിരിക്കുന്നു.

പൊന്നൻ, തങ്കവേലു എന്നീ രണ്ടു ചെറുപ്പക്കാർ തങ്ങൾക്കു കൂലിയായി കിട്ടിയ ഒന്നേകാൽ രൂപാ പങ്കിട്ടെടുക്കുന്നതിൽ കലഹിച്ചുകൊണ്ടിരിക്കുകയായിരുന്നു. തൻെറ മരുമക്കളുടെ ശണ്ഠ തീർപ്പാൻവേണ്ടി കറപ്പൻ അവരുടെ ഇടയിൽ ചെന്നുനിന്നു. പക്ഷെ, അപ്പോഴേയ്ക്കും പൊന്നനും തങ്കവേലുവും 'കയ്യാംകളി' തുടങ്ങിയിരുന്നു. അവരുടെ 'ഇടികൾ' കറപ്പൻെറ തലയിൽ വീണതിനാൽ കറപ്പന്നു തൻെറ ഉദ്ദേശം നിർവ്വഹിക്കുന്നതിനുമുമ്പുതന്നെ മരിക്കേണ്ടിവന്നു.

സംഭ്രമാകുലരായ മരുമക്കൾ അയൽവാസികളുടെ സഹായത്തോടുകൂടി അമ്മാവൻെറ ശവസംസ്ക്കാരം പെട്ടെന്ന് ധൃതികൂട്ടി നടത്തുവാൻ തുടങ്ങി. പക്ഷെ, അപ്പോഴേയ്ക്കും ഗ്രാമാധികാരി അവിടെ എത്തി പൊന്നനേയും തങ്കവേലുവിനേയും അറസ്റ്റുചെയ്യിച്ചു. ഇപ്പോൾ അവർ പോലീസിൻെറ കസ്റ്റാഡിയിൽ പങ്കിടുകയാണ്.

ബ്രിട്ടനിലെ ഓമന വളർത്തുജീവികൾ

അവയ്ക്ക് പ്രതിവർഷം 71000000 പവൻ ചിലവ്

ബ്രിട്ടനിലെ ഓമന വളർത്തുജീവികൾക്ക് കഴിഞ്ഞകൊല്ലം 71000000 പവൻ ചിലവായതായി കണക്കാക്കിയിരിക്കുന്നു. ഇതിൽ നായ്ക്കൾക്കും പൂച്ചകൾക്കും ഭക്ഷണത്തിനായി 65000000–ം, പക്ഷികൾക്ക് 1600000–ം, നായ്ക്കളുടെ ലൈസൻസിനു് 1100000–ം പവൻ വരും. കഴിഞ്ഞകൊല്ലം 38 ലക്ഷം നായ്ക്കളും 57 ലക്ഷം പൂച്ചകളും 10 ലക്ഷം പക്ഷികളും ഉണ്ടായിരുന്നു. ഇതുകൾക്കു പുറമെ മുയൽ, വെള്ളെലി മുതലായവയും ചുരുക്കമായി കുരങ്ങ്, പാമ്പ്, ആമ എന്നീ ജന്തുക്കളും ഉണ്ട്.

10–ന് 1 വീതം വീടുകളിൽ ഓരോ നായും പൂച്ചയും, നാലിലൊന്നു വീടുകളിൽ ഓരോ നായ് മാത്രവും, മൂന്നിലൊന്നു വീടുകളിൽ ഓരോ പൂച്ച മാത്രവും ഉണ്ട്. 20–ൽ 1 വീതംവീടുകളിൽ പക്ഷികൾ ഉണ്ട്. കൊല്ലത്തിൽ 1000 പവനിലധികം വരവുള്ളവരാണ് അധികവും നായ്ക്കളെ വളർത്തുന്നതു്. സാധുക്കൾ അധികവും പൂച്ചകളേയും പക്ഷികളേയും വളർത്തുന്നു.

ബ്രിട്ടനിൽ ജന്തുക്കളോടുള്ള ക്രൂരത തടയാനുള്ള രാജകീയസമാജം (R. S. P. C. A.) 1824–ൽ സ്ഥാപിച്ചു കുട്ടികളോടുള്ള ക്രൂരത തടയാനുള്ള സമാജങ്ങൾ 60 കൊല്ലങ്ങൾക്കു ശേഷമാണു സ്ഥാപിച്ചതു്.

പോലീസ്ഭരണത്തിൻെറ വിശേഷം!

സർവ്വത്ര അക്രമത്തേയുമനീതിയേയുംപററിയുള്ള പരാതികൾ

റിമാൻഡ്ചെയ്യാതെ മൂന്നു പേരെ

തിരുവനന്തപുരം, ഒസ്പ്ം: 18

തിരുവനന്തപുരം സിററി മജിസ്ട്രേട്ട് മുതലിയാർ ഈയിടെ പാളയം പോലീസ്സ്റ്റേഷനിലെ ലാക്കപ്പ് പരിശോധിച്ചപ്പോൾ ഒരുമാസമായി കസ്റ്റഡിയിൽ കിടക്കുന്ന മൂന്നുപേർ അതിനകത്തുണ്ടായിരുന്നുവത്രെ. അറസ്റ്റു ചെയ്താൽ 24 മണിക്കൂറിനകം മജിസ്ട്രേട്ടിൻെറ മുമ്പിൽ ഹാജരാക്കണമെന്നുള്ള നിയമം ലംഘിച്ച് ഇപ്രകാരം ഭദ്രമായി അടച്ചിട്ടിരിക്കുന്നതെന്തിനാണെന്നും അവർക്ക് ആഹാരം ആരുകൊടുക്കുന്നു എന്നും മജിസ്ട്രേട്ട് സമാധാനം ചോദിച്ചിരിക്കുന്നതായറിയുന്നു. (നവശക്തി)

പെരുവഴിയിലിട്ടു മർദ്ദിച്ചുവെന്ന്

കായംകുളം, ഒസ. 16

ശൂരനാട്ടുകേസിലെ ഒരു പ്രതിയായ തോപ്പിൽ മാസ്ക്കരൻനായരെ പോലീസ് അറസ്റ്റുചെയ്തു ററമായി അഞ്ചുമിനിട്ടുകൂടി ആലോചിച്ചശേഷം മിസ് മസ്ക്രീൻ ഇപ്രകാരം പ്രസ്താവിച്ചു. "എനിക്ക് പീലിപ്പോസിനോടു് യാതൊരു വക വ്യക്തിവിദ്വേഷങ്ങളുമില്ല. ഞാൻ പറഞ്ഞിട്ടുള്ളതു മുഴുവനും ആത്മാർത്ഥമായിട്ടുള്ളതാണ്."

ഇതേ തുടർന്ന് മള്ളൂർ ഗോവിന്ദപ്പിള്ള (പീലിപ്പോസിൻെറ വക്കീൽ) വളരെ നേരം ദീർഘിച്ച ഒരു വാദം കോടതിയിൽ നടത്തുകയുണ്ടായി. ഇരുഭാഗത്തേയും വാദം അവസാനിച്ചിരിക്കുന്നതിനാൽ സെപ്ററംബർ 29–ാംതിയതി വിധിപറയുന്നതിനായി കോടതിയിൽനിന്നും കേസ് അവധിവച്ചു. പീലിപ്പോസിനുവേണ്ടി മള്ളൂരിനെക്കൂടാതെ ബാലാജി, എ. കെ. ഗോപാലപിള്ള എന്നിവരും, മസ്ക്രീനുവേണ്ടി മോഹനകുമാരമംഗലത്തെക്കൂടാതെ ഷൺമുഖവും ഹാജരുണ്ടായിരുന്നു.

ജാമ്യക്കേസ്

(സ്വ–ലേ) തൊടുപുഴ, ഒസ: 18

കരിങ്കുന്നം(കത്തു:) സത്യഗ്രഹക്കേസിൽ പ്രതിഒരുവധിക്ക് ഹാജരാകാത്തവിച്ഛക്ക് ജാമ്യക്കാരുടെ പേരിൽ കേസ് എടുക്കുകയും ജാമ്യക്കാർ മാപ്പിന് അപേക്ഷിക്കുകയും ചെയ്തിരുന്നു. പ്രസ്തുത മാപ്പപേക്ഷ തള്ളിക്കൊണ്ട് ഒന്നാം ക്ളാസ് മജിസ്ട്രേട്ട് സി. ഒ. വറഗീസ് പ്രസ്താവിച്ചതു് ഇപ്രകാരമാണ്. "മാപ്പപേക്ഷ അനുവദിക്കുന്നതുകൊണ്ടാണു ജാമ്യത്തിന്ആധം എപ്പോഴും ഉണ്ടാകുന്നതു്. ഇങ്ങനെയുള്ളവർക്ക് ജാമ്യത്തിന് ആധം ഉണ്ടാകാതിരിക്കുന്നതിനു വേണ്ടിത്തന്നെയാണ് ജാമ്യക്കാർക്ക് 100രൂപാവീതം ഞാൻ ശിക്ഷ നൽകുന്നതു്."

സെഷൻസിൽ

മസ്ക്രീൻ– പീലിപ്പോസ് കേസ്

വിധി പറയുവാൻ അവധിവച്ചു

തിരുനെൽവേലി, ഒസ: 19

മസ്ക്രീൻ — പീലിപ്പോസ് കേസ്സിൻെറ അപ്പീൽ വാദം ഇന്ന് സെഷ്യൻസ് ജഡ്ജി കെ. വെങ്കിട്ടരാമൻെറ ബഞ്ചിൽ നടക്കുകയുണ്ടായി. മിസ് മസ്ക്രീനുവേണ്ടി അഡ്വക്കേററ് മോഹനകുമാരമംഗലം ഏകദേശം മൂന്നരമണിക്കൂറോളം വാദിക്കുകയുണ്ടായി. അനന്തരം കോടതിയിൽനിന്നും മിസ് മസ്ക്രീൻ ക്ഷമാപണം നടത്തുവാൻ തയ്യാറുണ്ടോ എന്ന് അന്വേഷിക്കുകയുണ്ടായി. തൻെറ അഡ്വക്കേറ്റുമായി അഞ്ചുമിനിട്ടുകൂടി ആലോചിച്ചശേഷം മിസ് മസ്ക്രീൻ ഇപ്രകാരം പ്രസ്താവിച്ചു. "എനിക്ക് പീലിപ്പോസിനോടു് യാതൊരു വക വ്യക്തിവിദ്വേഷങ്ങളുമില്ല. ഞാൻ പറഞ്ഞിട്ടുള്ളതു മുഴുവനും ആത്മാർത്ഥമായിട്ടുള്ളതാണ്."

ഇതേ തുടർന്ന് മള്ളൂർ ഗോവിന്ദപ്പിള്ള (പീലിപ്പോസിൻെറ വക്കീൽ) വളരെ നേരം ദീർഘിച്ച ഒരു വാദം കോടതിയിൽ നടത്തുകയുണ്ടായി. ഇരുഭാഗത്തേയും വാദം അവസാനിച്ചിരിക്കുന്നതിനാൽ സെപ്ററംബർ 29–ാംതിയതി വിധിപറയുന്നതിനായി കോടതിയിൽനിന്നും കേസ് അവധിവച്ചു. പീലിപ്പോസിനുവേണ്ടി മള്ളൂരിനെക്കൂടാതെ ബാലാജി, എ. കെ. ഗോപാലപിള്ള എന്നിവരും, മസ്ക്രീനുവേണ്ടി മോഹനകുമാരമംഗലത്തെക്കൂടാതെ ഷൺമുഖവും ഹാജരുണ്ടായിരുന്നു.

പ്രാദേശികം

പാമ്പാടി

തെപ്പറമ്പിൽ വി. പി. ഗോപാലപിള്ളയുടെ പുത്രി സരസമ്മയും, അമ്പലപ്പുഴ കൊക്കട്ടവീട്ടിൽ രാമൻപിള്ളയുടെ സഹോദരൻ ശ്രീധരൻനായരും തമ്മിലുള്ള വിവാഹം വധൂഗൃഹത്തിൽ വച്ചു സമംഗളം നടന്നിരിക്കുന്നു.

ചെങ്ങന്നൂർ

പേരിശ്ശേരിയിലെ ഒരു പ്രധാന കുടുംബാംഗമായ ഉണ്ണിരത്തു് കെ. തോമ്മസ്സിൻെറ മകൻ ജോർജ്ജും നിരണത്തു് നാലാംവേലിൽ ജൂപ്പൻെറ പുത്രി തങ്കമ്മയും തമ്മിലുള്ളവിവാഹം സെപ്തമ്പർ 15–ാംതിയതി തിങ്കളാഴ്ച പേരിശ്ശേരിയാക്കോബായ സുറിയാനിപ്പള്ളിയിൽവച്ച് സമംഗളം നടത്തപ്പെടുകയുണ്ടായി.

മാറമ്പള്ളി

വടക്കേവാഴക്കളത്തും പരിസരങ്ങളിലും ജറിഗേഷൻപദ്ധതിയുടെ പണി തുടങ്ങിയിട്ട് ഉദ്ദേശംരണ്ടുമൂന്നുകൊല്ലത്തോളമായി. എന്നാൽ നാളിതുവരെയും യാതൊരു പ്രയോജനവും ജനങ്ങൾക്ക് ഉണ്ടായിട്ടില്ല. ഇക്കൊല്ലം മുണ്ടകംകൃഷിക്കു വെള്ളം തരാമെന്ന് അധികാരികൾ പറഞ്ഞ വാക്കനുസരിച്ച് നിലം ഉഴുതുവിതയ്ക്കുകയും കുറച്ചസ്ഥലം വെള്ളംകിട്ടിയിട്ട് കൃഷി ഇറക്കാൻവേണ്ടി തരിശിടുകയും ചെയ്തു. വേനലിൻെറ കാഠിന്യംനിമിത്തം വിതച്ച നിലങ്ങളെല്ലാം ഉണങ്ങിപ്പോകുകയും ബാക്കി നിലം തരിശായി കിടക്കുകയും ചെയ്യുന്ന കാഴ്ച ദയനീയമാണ്.

തിരുവല്ലാ

സ്ഥലം പായിപ്പാട്ടു വച്ച് ആർ. എസ്. പി. നേതാക്കന്മാരായ എൻ. ശ്രീകണ്ഠൻനായർ, പ്രാക്കുളം ഭാസി, ആർ. ഗംഗാധരൻ, കെ. കെ. കുമാരപിള്ള, ചെങ്ങാരപ്പള്ളി നാരായണൻപോററി എന്നിവർക്ക് ഞായറാഴ്ച സ്ഥലത്തെ തൊഴിലാളികളുടെ വകയായി ഒരു സ്വീകരണം നൽകുന്നതിനു തീരുമാനിച്ചിരിക്കുന്നു.

വാകത്താനം

പരേതനായ കൊച്ചുപിലിപ്പറമ്പിൽ പുന്നൂസിൻെറ പത്നിയും, വാകത്താനം ഗവ:സ്കൂൾ ഹെഡ്മാസ്റ്റർ, കെ. പി. കുര്യൻ മുതലായി എട്ട് ആൺമക്കളുടെ മാതാവുമായ അന്നാമ്മ തൻെറ 72–ാമത്തെ വയസ്സിൽ 15–ാംതിയതി തിങ്കളാഴ്ച രാവിലെ 9 മണിക്ക് ചരമപ്രാപിച്ചിരിക്കുന്നു.

വെളിയന്നൂർ

സ്ഥലം എൻ. എസ്.എസ്., കരയോഗക്കാർ ഒരു മിഡിൽസ്കൂളിനുവേണ്ടി അധികാരസ്ഥാനങ്ങളിൽ അപേക്ഷ അയച്ചതിൻെറ ഫലമായി തൊടുപുഴ സ്കൂൾ ഇൻസ്പെക്ടർ സ്ഥലത്തുവന്ന് കെട്ടിടവും പരിസരങ്ങളും പരിശോധിച്ച് മടങ്ങിപ്പോയിരിക്കുന്നു.

എറണാകുളം

സ്ഥലത്തെ ഒരു പ്രമുഖ അഭിഭാഷകനായ വൈലോപ്പള്ളിൽ പരമേശ്വരമേനോൻെറ സഹോദരൻ ഡാ: വി. ബാലകൃഷ്ണൻ ഫ്ററൻസിൽ റോസ്കോഫ് എന്ന സ്ഥലത്തു് ഫിഷറീസ്സിൽ രണ്ടുകൊല്ലത്തെ ഗവേഷണത്തിനുശേഷം ഇന്നു കൊച്ചിൻ എക്സ്പ്രസ്മാർഗ്ഗം ഇവിടെ മടങ്ങിയെത്തിയിരിക്കുന്നു. സ്റ്റേഷനിൽ വച്ച് അദ്ദേഹത്തെ ബന്ധുജനങ്ങളും സ്നേഹിതന്മാരുംകൂടി സ്വീകരിക്കുകയുണ്ടായി. ഡാ: ബാലകൃഷ്ണൻ അലഹബാദ് യൂണിവേഴ്സിററിയിൽനിന്നും ഡി. എസ്. സി ബിരുദം നേടിയശേഷമാണ് ഫ്ററൻസിലേയ്ക്കു പോയതു്. യു. എൻ. സ്കോയാണ് അദ്ദേഹത്തെ ഈ ഗവേഷണത്തിനു തിരഞ്ഞെടുത്തിട്ടുള്ളതു്.

കൊല്ലം

നവരാത്രി ഉത്സവം പ്രമാണിച്ച് ആനന്ദവല്ലീശ്വരം ക്ഷേത്രത്തിൽ ആണ്ടുതോറും നടത്തിവരാറുള്ള ഉത്സവം വിവിധ പരിപാടികളോടുകൂടി ഇക്കൊല്ലവും മംഗിയായി നടത്തുന്നതിനു തീരുമാനിച്ചിരിക്കുന്നു.

വ:പററൂർ

ആവൂട്ടിൽ പരമേശ്വരൻപിള്ളയുടെ ചിണ്ഡ അടിയന്തിരം വിധിപ്രകാരമുള്ള സകല ചടങ്ങുകളോടുംകൂടി ചാപ്പായിൽവീട്ടിൽ വച്ച് നിർവഹിച്ചിരിക്കുന്നു. അന്നേദിവസം നിരവധി സാധുക്കൾക്ക് അന്നദാനവും നടത്തുകയുണ്ടായി.

ചങ്ങനാശ്ശേരി

പെരുന്ന കിഴക്കുംഭാഗത്തുള്ള ഭജനമഠത്തിനു സമീപം പണം വച്ച് ചൂതുകളി നടത്തിയ എഴുപേരുടെമേൽ സ്ഥലംപോലീസ് കേസ് എടുക്കുകയും പ്രതികളെ 45 രൂപാവീതം പിഴ ശിക്ഷിക്കുകയും ചെയ്തതായി അറിയുന്നു.

WANTED
A Graduate in Natural Science.
Manager,
Koothattukulam
Highschool.

പുതുവേലി

സ്ഥലവാസികളുടെ പരിശ്രമഫലമായി കഴിഞ്ഞ ആഗസ്റ്റ് 25–ാംനു- പോസ്റ്റൽ ഇൻസ്പെക്ടർ സ്ഥലത്തുവന്ന് ഒരു ബ്രാഞ്ച് ആഫീസ് ഉറക്കുകയും ടി ആഫീസിൻെറ മാസ്റ്ററായി സ്ഥലവാസിയും പൊതുജനസമ്മതനുമായ പി. ഒ. നീലകണ്ഠൻനമ്പൂതിരിയെ നാട്ടുകാരുടെ അഭിലാഷമനുസരിച്ച് നിയമിക്കുകയും ചെയ്തു. എന്നാൽ ടി മാസ്റ്ററേപ്പററി സ്ഥലത്തെ ചില വർഗ്ഗീയവാദികൾ പരാതിയയച്ചതനുസരിച്ച് പോസ്റ്റൽ സൂപ്രണ്ടു സ്ഥലത്തുവന്ന് അന്വേഷണംനടത്തി സത്യാവസ്ഥ മനസ്സിലാക്കി തിരിച്ചുപോയിരിക്കുന്നു. പോസ്റ്റ്മാസ്റ്ററെ ആക്ഷേപിച്ചുകൊണ്ടുള്ള റിപ്പോർട്ടുകൾ തികച്ചും അടിസ്ഥാനരഹിതമാണ്. അദ്ദേഹം നീതിജ്ഞനും സത്യസന്ധനും കാര്യശേഷിയും ഉള്ള ആളാണ്.

പുറമററം

കുറത്തവടശ്ശേരിക്കടവിൽ ചെങ്ങാടം ഇല്ലാതിരുന്നതുമൂലം മുടങ്ങിക്കിടന്നിരുന്ന ആറാട്ടുപുഴ–കറകച്ചാൽ ബസ്സ്സർവീസ് ഇന്നുമുതൽ (പുറമററംവഴി) പുനരാരംഭിച്ചിരിക്കുന്നു.

മറ്റുള്ളഭാഗം, അമ്പാട്ടുഭാഗം മുതലായ സ്ഥലങ്ങൾ ഉൾപ്പെടുത്തി കല്ലൂപ്പാറ കുറുങ്ങുകടവു കോൺഗ്രസ് പഞ്ചായത്തു് എന്ന പേരിൽ ഒരു പഞ്ചായത്തു് രൂപവൽക്കരിച്ചിരിക്കുന്നതായി അറിയുന്നു.

തിരുവഞ്ചൂർ

പൂവത്തറയിൽ വീട്ടിൽ നാരായണപ്പണിക്കരുടെ അനന്തിരവൾ സരസ്വതിയമ്മയും മീനച്ചിൽ പരിയാരത്തുവീട്ടിൽ രാമൻനായരുടെ പുത്രൻ നാരായണൻനായരും തമ്മിലുള്ള വിവാഹം വധൂഗൃഹമായ പൂവത്തറയിൽ വച്ചു സമംഗളം നടന്നിരിക്കുന്നു.

തൂറവൂർ

സ്ഥലം മഹാക്ഷേത്രത്തിൽ കന്നി 24–ാംനു- കൊടിയേററോടുകൂടി ഉത്സവം സമാരംഭിച്ച് തുലാം 2–ാംനു- ആറാട്ടോടുകൂടി പര്യവസാനിക്കുന്നതാണ്.

ഉത്സവം സമാഗതമായിരിക്കുന്ന ഈ ഘട്ടത്തിൽ ക്ഷേത്രക്കുളത്തോടനുബന്ധിച്ചു സ്ഥിതിചെയ്യുന്ന ദർശനവശത്തെ കെട്ടിടത്തിൻെറ പണി എത്രയും വേഗത്തിൽ തീർക്കേണ്ടതിനു പകരം മന്ദഗതിയിലാക്കിയിരിക്കുന്നതെന്തുകൊണ്ടും പരിതാപകരംതന്നെ. ക്ഷേത്രക്കുളത്തിൻെറയും പരിസരപ്രദേശങ്ങളുടെയും കാര്യം വിസ്മരിക്കുകയാണു ഭേദം. കുളവും പരിസരവും മലിനതയുടെയും വൃത്തികേടിൻെറയും താവളമായധപ്പതിച്ചിരിക്കുന്നു. ജലക്ഷാമം അധികമില്ലാത്ത ഈ അവസരത്തിൽപ്പോലും ശുദ്ധജലത്തിൽ സ്നാനംചെയ്ത് ഈശ്വരഭജനം നടത്താൻ നിർവ്വാഹമില്ലാത്ത വിധം പ്രസ്തുത കുളത്തിലെ ജലം മലിനപ്പെട്ടുതുടങ്ങിയിരിക്കുന്നതിനാൽ ജലക്ഷാമം അധികരിക്കുന്ന ഘട്ടത്തിനു മുൻപായി ക്ഷേത്രക്കുളത്തിലെ വെള്ളം തേകി വററിക്കുകയും ഉത്സവത്തിനു മുൻപുതന്നെ പ്രസ്തുത കെട്ടിടത്തിൻെറ പണി തീർത്ത് മലിനപ്പെട്ടുകിടക്കുന്ന പ്രദേശം വെടിപ്പാക്കുകയും ചെയ്യുവാനപേക്ഷ.

തിരു—കൊച്ചി അദ്ധ്യാപകസംഘത്തിൻെറ തൂറവൂർ ശാഖയുടെ ഉൽഘാടനയോഗം സ്ഥലം ടി. ഡി. സ്കൂളിൽവച്ച് കഴിഞ്ഞ ദിവസം പി. നാരായണക്കമ്മത്തിൻെറ അദ്ധ്യക്ഷതയിൽ കൂടുകയും വി. നാരായണക്കമ്മത്ത് പ്രസിഡൻറായി ഒരു സമിതി രൂപീകരിക്കുകയുംചെയ്തിരിക്കുന്നു.

ചേനപ്പാടി

ആണ്ടുതോറും വിജയദശമിനാൾ നടത്തിവരാറുള്ള ചങ്ങനാശ്ശേരിത്താലൂക്ക് സമാജസമ്മേളനംസംബന്ധിച്ച് രൂപീകരിച്ചിട്ടുള്ള സ്വാഗതസംഘത്തിൻെറ ഒരു വിശേഷാൽയോഗം ചേനപ്പാടി ഇംഗ്ലീഷ് മിഡിൽസ്കൂളിൽവച്ച് കരയോഗം രജിസ്ട്രാർ എം. ആർ. ജി. പണിക്കരുടെ അദ്ധ്യക്ഷതയിൽകൂടി, സമ്മേളനപരിപാടികൾ സാമാന്യമായി രൂപീകരിച്ചിരിക്കുന്നു. 27, 28 എന്നീ തീയതികളിലായി ഗ്രാമോദ്ധാരണ സമ്മേളനം, താലൂക്ക് സമ്മേളനം, ഭരണഗവേഷണ സമ്മേളനം എന്നിങ്ങനെ മൂന്നുസമ്മേളനങ്ങൾ നടത്തുന്നതാണ്. സമ്മേളനച്ചെലവിലേയ്ക്കായി 1000 രൂപയുടെ ബഡ്ജററ് തയ്യാറാക്കുകയുമുണ്ടായി.

സോവിയററ്റ്യൂണിയൻ വീണ്ടും വീറ്റോചെയ്തു

വിററ്നാം, കാമ്പോഡിയാ, ലോസ് എന്നീ രാജ്യങ്ങളുടെ ഐക്യരാഷ്ട്രസമിതി അംഗത്വത്തിനുള്ള അപേക്ഷ

ഐക്യരാഷ്ട്രങ്ങൾ, സെ: 20

ഐക്യരാഷ്ട്ര സമിതിയിൽ അംഗത്വത്തിനു വേണ്ടിയുള്ള വിററ്നാം, കാമ്പോഡിയാ, ലോസ് എന്നീ രാജ്യങ്ങളുടെ അപേക്ഷകൾ ഐക്യരാഷ്ട്രരക്ഷാസമിതിയിൽ സോവിയററ് യൂണിയൻ വീറ്റോചെയ്തിരിക്കുന്നു. കൗൺസിലിലെ മററു പത്തു അംഗങ്ങൾ അനുകൂലിക്കുകയുണ്ടായതു്. വിററ്നാമിന് അംഗത്വം നൽകണമെന്നാവശ്യപ്പെട്ടു കൊണ്ടു് സോവിയററ് യൂണിയൻെറ നേതൃത്വത്തിൽ സമർപ്പിക്കപ്പെട്ട അപേക്ഷയെ മററു പത്തു അംഗങ്ങളും എതിർത്തു. (റോയിട്ടർ)

പകിസ്ഥാൻ അതിർത്തിയിൽ പടനീക്കം

ഷില്ലോംഗ് സെ: 20

നിലവിലുള്ള ഉടമ്പടിയ്ക്കു വിരുദ്ധമായി പകിസ്ഥാൻ ഗവർമ്മെൻറ്, ഗോൽപാറാ ഇൻഡോ-പകിസ്ഥാൻ അതിർത്തിപ്രദേശത്തു് ഒട്ടുവളരെ പുതിയ ഔട്ടുപോസ്റ്റുകൾ സ്ഥാപിച്ചിട്ടുള്ളതായി അധികൃതകേന്ദ്രങ്ങളിൽനിന്നറിയുന്നു.

ആസ്സാമിന് അഭിമുഖമായുള്ള അതിർത്തിസ്ഥലത്തു് വിപുലമായ ആയുധസജ്ജീകരണങ്ങളോടുകൂടിയ അനവധി സൈന്യങ്ങളേയും ഒരുക്കിനിർത്തിയിട്ടുള്ളതായി അതേ കേന്ദ്രങ്ങൾ വെളിപ്പെടുത്തിയിട്ടുണ്ട്.

ഇൻഡോ-പകിസ്ഥാൻ അതിർത്തിയിൽകൂടി ചണം വ്യാജമായി കടത്തിക്കൊണ്ടുപോകാൻ ശ്രമിച്ച രണ്ടു പകിസ്ഥാനികളെ-ക്കൂച്ച് ബിഹാറിനുസമീപമുള്ള ഫുൽബാരിയിൽ വച്ചും, ഗാംഗ്പൂരിനു സമീപമുള്ള തെതോൽതോലാ എന്ന സ്ഥലത്തുവച്ചും-പകിസ്ഥാൻ ഭടന്മാർ വെടിവച്ചു പരുക്കേൽപ്പിച്ചതായും റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നു. (പി. ററി. ഐ)

ഹോമിയോചികിത്സാസമ്പ്രദായരക്ഷണം

മെഡിക്കൽ വകുപ്പു മന്ത്രിയോടു ചെയ്ത നിവേദനം

(സ്വ-ലേ)

എറണാകുളം, സെ: 20

കൊച്ചിൻ ഹോമിയോപ്പതിക്ക് മെഡിക്കൽ അസോസ്യേഷൻ, അലക്സാണ്ടർ പറമ്പിത്തറയുടെ നേതൃത്വത്തിൽ ഒരു ഡെപ്യൂട്ടേഷനായി മെഡിക്കൽ വകുപ്പ് മന്ത്രി വി. മാധവനെ ഇന്നുരാവിലെ എറണാകുളം ഗസ്റ്റ് ഹൗസ്സിൽവച്ചു സന്ദർശിച്ച് ഒരു നിവേദനം നടത്തുകയുണ്ടായി. അടുത്തു വരുവാൻ പോകുന്ന മെഡിക്കൽ ബിൽ ഹോമിയോപ്പതിയെ സംബന്ധിച്ചിടത്തോളം ഹാനികരമാണെന്നും ഹോമിയോചികിത്സാസമ്പ്രദായം പരിരക്ഷിക്കുവാൻ താഴെപ്പറയുന്ന രണ്ടു കാര്യങ്ങൾ അവശ്യം ചെയ്യേണ്ടതാണെന്നും നിവേദനത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്.

(1) ഹോമിയോപ്പതിക്കു ഒരു പ്രത്യേക മെഡിക്കൽ കൗൺസിൽ രൂപീകരിക്കേണ്ടതാണ്. ഇതിനുവേണ്ടി ബില്ലിലെ പാർട്ട് 2 രണ്ടായി തിരിച്ച് അല്ലോപ്പതിക്കും, ഡെൻറിസ്ട്രിയ്ക്കും കൂടിയ ഒരു പാർട്ട് 2 എ യും, ഹോമിയോപ്പതിക്കുവേണ്ടി പാർട്ട് 2 ബി യും ചേർക്കേണ്ടതാണ്.

(2) തിരുവിതാംകൂർ മെഡിക്കൽ പ്രാക്ടീഷനേഴ്സ് ആക്ട് പാസ്സാക്കിയ സമയത്തു അവിടെയുണ്ടായിരുന്ന ഹോമിയോ ഡാക്ടർമാർക്ക് നൽകിയ ആനുകൂല്യങ്ങൾ ഇന്നു പുതുതായി രജിസ്റ്റർ ചെയ്യേണ്ടിവരുന്ന കൊച്ചിവിഭാഗത്തിലെ ഹോമിയോപ്പതിക്കാർക്ക് ലഭ്യമാകുന്നതിനുംവേണ്ട വ്യവസ്ഥകൾ ചെയ്യേണ്ടതാണ്.

ഈക്കാര്യങ്ങൾ പരിഗണിക്കാമെന്നു മന്ത്രി നിവേദകസംഘത്തോടു മറുപടി പറഞ്ഞതായിട്ടാണറിയുന്നതു്.

റേഡിയോ പ്രോഗ്രാം

തിരുവനന്തപുരം—കോഴിക്കോട്

ഞായർ

വൈകിട്ട് 5.30-ന് സംഗീതപരിപാടി (തിരു), 5.45-ന് ദീക്ഷിതരുടെ നവവർണ്ണകീർത്തനങ്ങൾ-കെ. വി. കേശവഭാഗവതർ (തിരു), 6-ന് ഫ്ളൂട്ട്-എ. ഐ ആർ. ആർട്ടിസ്റ്റ് (തിരു), 5.30-ന് സംഗീതം-കമലാദേവിമൂർത്തി (കോ), 6-ന് ദീക്ഷിതരുടെ കീർത്തനങ്ങൾ (കോ), 6.10-ന് ഹിന്ദിവാർത്തകൾ, 6.20-ന് പ്രാദേശികവാർത്തകൾ, 6.30-ന് ഗ്രാമീണപരിപാടി (തിരു), 6.30-ന് നാട്ടിൻപുറം (കോ), 7-ന് സ്വന്തം കവിത-എടശ്ശേരിൽ ഗോവിന്ദൻനായർ, 7.15-ന് രാഗാംഗരാഗമാലിക, 7.30-ന് മലയാളവാർത്തകൾ, 7.45-ന് നവരാത്രി സംഗീതോത്സവം-എം. എ. കല്യാണകൃഷ്ണഭാഗവതർ, 9-ന് ഇംഗ്ലീഷ്വാർത്തകൾ, 9.15-ന് ത്യാഗരാജസ്വാമി കീർത്തനങ്ങൾ, 9.45-ന് ദേശീയപരിപാടി (ഡൽഹിയിൽനിന്നും റിലേ) 11-ന് സമാപനം.

തിങ്കൾ

കാലത്തു് 7.15-ന് ഉദയഗീതം, 7.30-ന് മലയാളവാർത്തകൾ, 7.45-ന് ഹിന്ദിപാഠം, 8-ന് ഇംഗ്ലീഷ്വാർത്തകൾ, 8.15-ന് റിക്കാർഡ് സംഗീതം, 8.30-ന് സമാപനം.

തിരുവനന്തപുരം

3.30-ന് വിദ്യാഭ്യാസപരിപാടി, 4-ന് താരാചമുഷ്യയം-റിക്കാർഡ്, 4.30-ന് സമാപനം.

വൈകിട്ട് 5.30-ന് സംഗീതപാഠം (തിരു), 5.45-ന് ദീക്ഷിതരുടെ കീർത്തനങ്ങൾ (തിരു), 6-ന് ഗോട്ടുവാദ്യം-എ. ഐ. ആർ. ആർട്ടിസ്റ്റ് (തിരു), 5.30-ന് സംഗീതം-ഈ. സേമുപതി ഭാസ്ക്കരൻ (കോ), 5.45-ന് സംഗീതപാഠം (കോ), 6-ന് കീർത്തനങ്ങൾ (കോ), 6.10-ന് ഹിന്ദിവാർത്തകൾ, 6.20-ന് പ്രാദേശികവാർത്തകൾ, 6.30-ന് ഗ്രാമീണപരിപാടി (തിരു), 6.30-ന് നാട്ടിൻപുറം (കോ), 7-ന് പി. യു. ചിന്നപ്പായുടെ റിക്കാർഡ് സംഗീതം, 7.15-ന് രാഗാംഗരാഗമാലിക, 7.30-ന് മലയാളവാർത്തകൾ, 7.45-ന് തമ്പൂലജപം-തമിഴ്പ്രഭാഷണം-ജി. സുബ്രഹ്മണ്യപിള്ള (തിരു), 7.45-ന് സ്വരജാതി റിക്കാർഡ് (കോ), 8-ന് നവരാത്രിസംഗീതോത്സവം, 9-ന് ഇംഗ്ലീഷ്വാർത്തകൾ, 9.15-ന് ഒഴിലും മാനേജുമെൻറും - സാമ്പത്തികസംരക്ഷണം-ഡോ: ബ്രെബ്രാറ് സിംഗ്, 9.30-ന് ഗാനമഞ്ജരി-റിക്കാർഡ്, 10-ന് സമാപനം.

ചൊവ്വാ

കാലത്തു് 7.15-ന് ഉദയഗീതം, 7.30-ന് മലയാളവാർത്തകൾ, 7.45-ന് ഹിന്ദിപാഠം, 8-ന് ഇംഗ്ലീഷ്വാർത്തകൾ, 8.15-ന് സ്വരജാതി, 8.30-ന് സമാപനം.

തിരുവനന്തപുരം

3.30-ന് വിദ്യാഭ്യാസപരിപാടി, 4-ന് താരാചമുഷ്യയം-റിക്കാർഡ്, 4.30-ന് സമാപനം.

അഭ്യർത്ഥിക്കുന്നു

ചേർത്തല—അമ്പലപ്പുഴ ദുരിതാശ്വാസഫണ്ടിലേയ്ക്കു പൊതുജനസംഭാവനകൾ

എറണാകുളം, സെപ്ം: 20

ചേർത്തല-അമ്പലപ്പുഴ ദുരിതാശ്വാസഫണ്ടിലേയ്ക്കു പൊതുജനങ്ങൾ കഴിവുള്ളത്ര സംഭാവനകൾ ചെയ്യുന്നതെന്ന് അഭ്യർത്ഥിച്ചുകൊണ്ട് പി. വി. അവിരാത്താകൻ എം. എൽ. എ. ഇന്ന് ഒരു പ്രസ്താവന പുറപ്പെടുവിച്ചിരിക്കുന്നു.

മുഖ്യമന്ത്രി വാഗ്ദാനംചെയ്ത സഹായം, കഷ്ടപ്പെടുന്ന ജനങ്ങൾക്കു ഇപ്പോൾ ലഭ്യമായിട്ടില്ലെന്നും അവർ തങ്ങളുടെ ജീവൻ നിലനിർത്തുന്നതിനുള്ളതു സഹായമെങ്കിലും അധികാരത്തിലിരിക്കുന്ന പാർട്ടിയിൽനിന്ന് പ്രതീക്ഷിച്ചു കഴിയുകയാണെന്നും അദ്ദേഹം, പ്രസ്താവിച്ചിട്ടുണ്ട്. എല്ലാ പാർട്ടികളും പരസ്പരം കൈകോർത്തുപിടിക്കുകയും ഭക്ഷ്യധാന്യങ്ങൾ സംഭരിക്കുന്നതിനുവേണ്ടി എല്ലാ കേന്ദ്രങ്ങളിലും കമ്മററികൾ സംഘടിപ്പിക്കുകയും വേണമെന്ന് അവിരാത്തകൻ ആവശ്യപ്പെട്ടിരിക്കുന്നു. ഭക്ഷ്യധാന്യങ്ങൾ സുജനങ്ങളായി കയററിഅയയ്ക്കുന്ന വിഷയത്തിൽ ബസ്സുടമസ്ഥന്മാരും ബോട്ടുടമസ്ഥന്മാരും സന്മനോഭാവം പ്രകടിപ്പിക്കണമെന്ന് അദ്ദേഹം പ്രസ്താവിച്ചു. (പി.ററി.ഐ.)

എസ്. എൻ. ഡി. പി. ദുരിതാശ്വാസഫണ്ട്

(സ്വ-ലേ) കോട്ടയം, സെ. 20

തെക്കൻ യൂണിയനുകളിൽ സഞ്ചരിച്ച് പ്രവർത്തനങ്ങൾ സംഘടിപ്പിച്ച ശേഷം എസ്. എൻ. ഡി. പി. യോഗം ജനറൽ സെക്രട്ടറി ആർ. ശങ്കർ ഇന്നലെ ഇവിടെയെത്തി, ഇന്ന് വടക്കൻ പ്രദേശങ്ങളിലേക്കു പോയിരിക്കുന്നു. മഹാസമാധിദിനമായ നാളെ അമ്പലപ്പുഴ-ചേർത്തല ക്ഷാമബാധിതപ്രദേശങ്ങളിലെ ഭവനങ്ങളിൽ എത്തിക്കുന്നതിനായി ചങ്ങനാശ്ശേരി യൂണിയനിൽനിന്നും 100 പറ അരിയും 15 കണ്ടി വാട്ടുകപ്പയും ആലപ്പുഴയ്ക്കയച്ചുകഴിഞ്ഞിരിക്കുന്നു. കോട്ടയം യൂണിയനിൽനിന്നും ചേർത്തല താലൂക്കിലെ ആറായിരം ഭവനങ്ങളിൽ വിതരണം ചെയ്യുന്നതിനായി 150 പറ അരിയും 20 കണ്ടി കപ്പയും ഇന്ന് സ്പെഷ്യൽ ബോട്ടിൽ ആലപ്പുഴയ്ക്കയക്കുകയുണ്ടായി. ഓരോ വീട്ടിലും നാഴി അരിയും രണ്ടു റാത്തൽകപ്പയും വീതം മൊത്തം പതിനായിരം ഭവനങ്ങളിൽ ഒരു പ്രാവശ്യം വിതരണം നടത്തുന്നതിനുള്ള ഏർപ്പാടുകൾ ചെയ്തുകഴിഞ്ഞിട്ടുണ്ട്.

വിമാനം തകർന്നു

യാത്രക്കാർ രക്ഷപെട്ടു

കൽക്കട്ടാ, സെ. 19

ബുധനാഴ്ച ഉച്ചതിരിഞ്ഞു് കാണാതായ ആർ എ എഫ്. ജെററ് വിമാനം റംഗൂണിന് 60 മൈൽ വടക്കു പടിഞ്ഞാറ് കരയ്ക്കിറങ്ങുവാൻ നിർബന്ധിതമാകുകയും തകരുകയും ചെയ്തതായി ഡംഡം എയർപോർട്ടിലെ ഉദ്യോഗസ്ഥന്മാർ പ്രസ്താവിച്ചിരിക്കുന്നു.

പൈലട്ടും അസിസ്റ്റൻറ് പൈലട്ടും ഉൾപ്പെടെ വിമാനത്തിലുണ്ടായിരുന്നവർ സുരക്ഷിതരാണെന്നും അവർ റംഗൂണിലേക്കു പോകുന്നു എന്നും പ്രസ്താവിച്ചിരിക്കുന്നു. റംഗൂണിനും ബസ്സിനും ഇടയ്ക്കു ഒരു ചതുപ്പുനിലത്തിലാണ് വിമാനം ഇറങ്ങിയതെന്ന് വിശ്വസിക്കപ്പെടുന്നു. വിമാനത്തിൻെറ സ്ഥിതി എന്താണെന്ന് അറിവായിട്ടില്ല.

മൂന്നുപേർ മരിച്ചു

മറെറാരു വിമാനാപകടം

പാരീസ്, സെ: 20

അമേരിക്കൻ വ്യോമസേനയിലെ ഒരു ഡക്കോട്ടാവിമാനം ഇന്ന് ഇവിടെ സമീപംവച്ചു തകരുകയും മൂന്നുപേർ മരിക്കയും ഒരാൾക്കു കഠിനമായ പരുക്കേൽക്കുകയും ചെയ്തു.

നാലു വിമാനജോലിക്കാർ മാത്രമേ വിമാനത്തിലുണ്ടായിരുന്നുള്ളു ഓർലി വിമാനത്താവളത്തിൽ ഇറങ്ങുവാൻ ശ്രമിക്കവെ, മഞ്ഞുമൂലം വൈമാനികന് മാർഗ്ഗഭ്രംശം നേരിടുകയും വിമാനം ഒരു ടെലഗ്രാഫ്പോസ്റ്റിൽ കൂട്ടിയിടിച്ച് തകരുകയും ചെയ്തു. വിമാനം ഇറ്റാലിയൻ പാടത്തിൽ, ചെന്നുവീണ് കത്തിയെരിഞ്ഞു. അതിനു മുമ്പായി അതു പല ഭവനങ്ങളുടെയും മേൽക്കൂര തകർത്തു. ആ ഭവനങ്ങളിൽ ഉണ്ടായിരുന്ന ആർക്കും പരുക്കേററിയില്ല. (റോയിട്ടർ)

H. S. S. മാർക്കു നല്ലപ്പോ വാങ്ങുവിൻ

പുൽത്തൈലം

(സ്വ-ലേ) കുറുപ്പുവടി, സെ: 20

പുൽത്തൈലം 75രൂ. 0 ണ.

നിലവാരം

(സ്വ-ലേ) ആലപ്പുഴ, സെപ്ം: 20

എണ്ണ ആലപ്പുഴ	487	8	0
പിണ്ണാക്ക്	90	0	0
എണ്ണ കൊച്ചി	478	12	0
പിണ്ണാക്ക്	85	0	0
കൊ: പുകരാശി	320	0	0
തെളിവു്	325	0	0
റായിമുക്	340	0	0
കുരുമുളക് പാലാ	3650	0	0
ടി തെക്കൻ	3600	0	0
ചുക്ക്	460	0	0
മഞ്ഞൾ	100	0	0
തങ്കം ബാററ്ലാ	90	8	0
പവൻ	63	0	0
സ്വർണ്ണം	59	0	0
വെള്ളി	162	0	0
ചില്ലറ	1	11	0

Edited by R. K. Kartha and Printed & Published by C. M. Sankara Pillai at the Swaraj Printing Works, Kottayam

കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ആസ്ഥാനം

ഡൽഹിയിലേക്കു മാററി—അതിനു കാരണങ്ങൾ

ന്യൂഡൽഹി, സെ: 20

ഇന്ത്യയിലെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ജന: സെക്രട്ടറിയായ അജയ്ഘോഷ് ഇന്നലെ ഇവിടെ എത്തിയതോടുകൂടി പ്രസ്തുത പാർട്ടിയുടെ ആസ്ഥാനം ഡൽഹിയിലേയ്ക്കു മാററിയിരിക്കുന്നു. ഒന്നാണ്ടു ദിവസങ്ങൾക്കുള്ളിൽ, പോളിററ്ബ്യൂറോയിലെ മററു ചില അംഗങ്ങളും ഇവിടെ വന്നു ചേരുമെന്നു പ്രതീക്ഷിക്കപ്പെടുന്നു.

പാർട്ടിയുടെ ആസ്ഥാനം ഡൽഹിയിലേയ്ക്കു മാററിയതു്, പാർലമെൻററി പ്രവർത്തനങ്ങൾക്കു കൂടുതൽ സൗകര്യം ലഭിക്കുന്നതിനും, ആഫീസ് സ്റ്റാഫ് ഇട്ടിപ്പാകാതിരിക്കുവാനും വേണ്ടിയാണെന്നാണ് ഘോഷ് പ്രസ്താവിച്ചതു് ഈ മാററം, തങ്ങളുടെ നയത്തിലെന്തെങ്കിലും മാററം സൂചിപ്പിക്കുന്നില്ലെന്നും അദ്ദേഹം വ്യക്തമാക്കി.

പാഷാണംതിന്നു

അമ്മയുമായി വാക്കുതർക്കമുണ്ടായതിനുശേഷം

ആലപ്പുഴ, സെപ്: 20

ആയ്യാട്ടുസ്വദേശിയായ ഒരാൾ ഇന്ന് എലിപ്പാഷാണംതിന്നുകയും അവശനിലയിലായ അയാളെ ആസ്പത്രിയിലാക്കുകയും ചെയ്തിരിക്കുന്നു. അമ്മയുമായി പണസംബന്ധമായുണ്ടായ വാക്കുതർക്കത്തിനുശേഷമാണ് അയാൾ എലിപ്പാഷാണംതിന്നതെന്ന് അറിയുന്നു.

കെ. എം. പണിക്കർ

റിപ്പോർട്ടു നിഷേധിച്ചു

കയറോ, സെ: 20

സിലോണിനെ ഇന്ത്യയിൽ ചേർക്കുന്നതിനുവേണ്ടിയുള്ള ഒരു ശ്രമം സിലോണിൽ ശക്തിപ്പെട്ടുവരുന്നുവെന്ന്, ഈ മാസാരംഭത്തിൽ കയറോവിലെ ഒരു പത്രത്തിൽ പ്രസിദ്ധപ്പെടുത്തിയിരുന്ന റിപ്പോർട്ടിനെ കയറോവിലെ ഇന്ത്യൻ സ്ഥാനപതിയായ സർദ്ദാർ കെ. എം. പണിക്കർ നിഷേധിച്ചിരിക്കുന്നു.

OIL ENGINES

AND

every kind of Agricultural Equipment like Pumping sets, Threshing machines etc. are available from ready stock.

Our expert is at present at Kottayam this week and will gladly assist you with advice and arrange for demonstration at our Showroom at

TEMPLE ROAD, KOTTAYAM,
(NEAR PRESS TRUST OF INDIA LTD.,)
P. O. Box No. 32.

Agricultural Equipment Co., Ltd.,
235, Poonamalle High Road,
MADRAS-3.

പൊടിക്കൈകൾ

ഐ.എ.എസ്. കാരുടെ നിയമനം സംബന്ധിച്ച്

തിരു, സെപ്തംബർ 19

ഐ. എ. എസ്സിലേയ്ക്കു ഒന്നും രണ്ടും ലിസ്റ്റിലുള്ള ഉദ്യോഗസ്ഥന്മാരുടെ ശമ്പളവും അവരുടെ സീനിയോറിററിയും നിർദ്ദേശിച്ചുകൊണ്ട് ഒരു മാസത്തിനു മുമ്പ് ഇൻഡ്യാഗവർമ്മെൻറിൽ നിന്നും ഒരു നിർദ്ദേശം തിരുകൊച്ചി ഗവ:ന് ലഭിച്ചതായി വളരെ വിശ്വസനീയമായറിയുന്നു. ഇതിൻപ്രകാരം ലിസ്റ്റ് രണ്ടിൽപ്പെട്ട അബ്ദുൽസ്സലാം, കെ. കെ. രാമൻകുട്ടി, എസ്. ഗോവിന്ദമേനോൻ, വി. വി. ജോസഫ് മുതലായവർക്ക് കൂടുതൽ ശമ്പളവും, ലിസ്റ്റ് ഒന്നിൽ രണ്ടിലുംപെട്ട പത്മനാഭൻ, ജോർജ്ജ് തോമ്മസ്സ്, പി. എ. മാത്യു, ജേക്കബ് സി. തോമ്മസ്സ് മുതലായവരുടെ മുകളിൽ സീനിയാറിററി നൽകിയാണ് മുൻപറഞ്ഞ നിർദ്ദേശം വന്നിരിക്കുന്നതു്. ഈ നിർദ്ദേശം ഈ ഗവ:ൻെറ കൺകാൻസിന് വന്നെങ്കിലും, ലിസ്റ്റ് ഒന്നിൽപ്പെട്ട ജോർജ്ജ് തോമ്മസ്സ്, മാത്യു, ജേക്കബ് എന്നിവരുടെ സീനിയാറിട്ടി നഷ്ടപ്പെടുത്തുക്കൂടാ എന്നു മുമ്പ് ഇതു ഒരിക്കലും അനുമതി നൽകാൻ പാടില്ലെന്ന് ഫയലിൽ അഭിപ്രായപ്പെട്ടിരിക്കുന്നതായറിയുന്നു. കുറുമ്പനാററിൽ വയ്ക്കൻപാലും ചീഫ്മിനിസ്റ്റർ വിസമ്മതിച്ചുവെന്നാണറിയുന്നതു്. ഈ സീനിയാറിററിയനുസരിച്ചാണ് അബ്ദുൽസ്സലാമിനെ ഗോപാലൻനായരുടെ ഒഴിവിൽ സെക്രട്ടറിയായി നിയമിക്കുവാൻ ചീഫ് സെക്രട്ടറി ശുപാർശചെയ്തതു്. പക്ഷെ അതിനെ വകവയ്ക്കാതെയാണ് പരിശീലനം തീരാത്ത ജോർജ്ജ് തോമ്മസ്സിനെ കമ്പിയടിച്ചുവരുത്തി ഇവിടെ സെക്രട്ടറിയായി നിയമിച്ചതു്. ഇൻഡ്യാ ഗവ: നിശ്ചയിച്ച സീനിയാറിററിപ്രകാരം 9-ാംസ്ഥാനം അർഹിക്കുന്ന ജേക്കബിനെ സകലതിലുടയും ന്യായമായ സീനിയാറിററിയെ അവഗണിച്ച് സെക്രട്ടറിയോ കലക്ടരോ ആക്കണമെന്നാണ് രണ്ടാമത്തെ ആലോചന.

(കേ. കുമുദി)

കോട്ടയം

(സ്വ-ലേ) സെപ്തംബർ 21

ഒരു പ്രസ്തൊഴിലാളിയായിരുന്ന കെ. എസ്. മത്തായി ക്ഷയരോഗംമൂലം ഇന്നലെവെളുപ്പിന് 28-ാമത്തെ വയസ്സിൽ നിര്യാതനായിരിക്കുന്നു.

കേരളഭൂഷണം പത്രത്തിൽ "കറപ്പും വെളുപ്പും" എഴുതുന്ന ഡി. സി കിഴക്കേമുറിയെപ്പററി സെപ്തംബർലക്കം 'സരോജം' വിനോദമാസികയിൽ പ്രസിദ്ധീകരിച്ച ലഘുചിത്രം ആഭാസമാണെന്ന് അദ്ദേഹം പരാതിപ്പെട്ടതനുസരിച്ചാണ്, പ്രസ്തുത മാസികയുടെ പേരിൽ നടപടി നടത്തുന്ന കാര്യം പ്രസ് അഡ്വൈസറി ബോർഡിൻെറ ശ്രദ്ധയിൽ കൊണ്ടുവന്നിരിക്കുന്നതെന്നറിയുന്നു.

വൈ. എം. സി. എ. യുടെ ആഭിമുഖ്യത്തിൽ നടന്നുവന്നിരുന്ന കോട്ടയം ചാമ്പ്യൻഷിപ്പ് ചതുരംഗമൽസരത്തിൻെറ ഫൈനൽസ് ഇന്നലെ തൃക്കൂർ മുയലൻ അന്തോണിയും, കുമാരകം പത്തിൽ കൊച്ചും തമ്മിൽ നടന്നതിൽ കുമരകം പത്തിൽ കൊച്ച് വിജയിയായിരിക്കുന്നു.

മിസ്സസ് കെ. സി. മാമ്മൻ മാപ്പിളയുടെ ശവസംസ്ക്കാരകർമ്മം ഇന്നലെ 4 മണിക്കു ശേഷം പുത്തൻപള്ളി സെമിററിയിൽവച്ചു നടന്നിരിക്കുന്നു. മനോരമ ബംഗ്ളാവിൽനിന്ന്, കാഞ്ഞൂ്, കുട മുതലായവയോടുകൂടി ആരംഭിച്ച ശ്മശാനയാത്രയിൽ അനവധി ആളുകൾ സംബന്ധിച്ചിരുന്നു.

ഇവിടെ എത്തിയിരുന്ന മന്ത്രി ചിദംബരനാഥനാടാർ ദേവികുളത്തേക്കു പോയിരിക്കുന്നു.

അവശസമുദായോന്നമന ഡിപ്പാർട്ടുമെൻറിൽനിന്ന് എന്തെല്ലാം സഹായസഹകരണങ്ങളാണ് അവശസമുദായ സഹകരണസംഘങ്ങൾക്കു ലഭിക്കേണ്ടതു് എന്നു സംഘപ്രവർത്തകരിൽനിന്നറിയുന്നതിനായി ഈ താലൂക്കിലെ അവശസമുദായസംഘപ്രവർത്തകന്മാരുടെ ഒരു കോൺഫറൻസ് ഒക്ടോബർ 4-ാംനു-ബാങ്കിംഗ് യൂണിയൻ ഹാളിൽ വച്ചു നടക്കുന്നതാണ്. അവശസമുദായോന്നമന ഡിപ്പാർട്ടുമെൻറ് സ്പെഷ്യൽ ഓഫീസർ യോഗത്തിൽ സംബന്ധിക്കും.

തിരുവനന്തപുരം വാർത്തകൾ

(സ്വ-ലേ) സെ: 20

കോർപ്പറേഷൻ

കോർപ്പറേഷൻ കൗൺസിലിലേയ്ക്കുള്ള അടുത്ത തെരഞ്ഞെടുപ്പിൽ കൗൺസിലറന്മാരുടെ എണ്ണം 40 ആയിരിക്കുമെന്നും അതിൽ രണ്ടു സ്ഥാനങ്ങൾ പട്ടികജാതിക്കാർക്കു സംവരണം ചെയ്തിരിക്കുമെന്നും സിററിയെ 36 എലക്ടറൽ ഡിവിഷനുകളായി തിരിക്കുന്നതാണെന്നും അറിയുന്നു.

ഭൂപടം

വ്യവസായസ്ഥാപനങ്ങൾ അടയാളപ്പെടുത്തിയിട്ടുള്ളതും ഒരിഞ്ച് 4 മൈൽ എന്ന സ്കെയിലിൽ തയ്യാറാക്കിയിട്ടുള്ളതുമായ തിരു-കൊച്ചി ഭൂപടം സർവെ ആഫീസിൽ ശരിപ്പെടുത്തിയിരിക്കുന്നു. ആവശ്യക്കാർക്ക് ഈ പടം വിലയ്ക്കു കിട്ടുന്നതാണ്.

തിരിച്ചെത്തുന്നു

ചീഫ്മിനിസ്റ്റരും സഹമന്ത്രിമാരും ഡൽഹിയിൽനിന്നും ഞായറാഴ്ച ഇവിടെ തിരിച്ചെത്തുന്നതാണ്.

പ്രസ്സ്കോൺഫറൻസ്

തിരു-കൊച്ചി പി. സി. സി. പ്രസിഡൻറ് കെ. ആർ. ഇലങ്കത്ത് സെപ്തംബർ 23-ാംതിയതി വൈകിട്ട് മസ്ക്കോട്ട് ഹോട്ടലിൽവച്ച് ഒരു പ്രസ്സ്കോൺഫറൻസ് നടത്തുന്നതാണ്.

അവധി അനുവദിച്ചു

അസി:എൻജിനിയർ ററി.കെ. കുരുവിളയ്ക്ക് 4 മാസത്തെയും ആലുവാ ലിഫ്ററ് ഇറിഗേഷൻ എൻജിനിയർ കോശി മാത്യുവിന് ഒന്നരമാസത്തെയും അവധി അനുവദിച്ചിരിക്കുന്നു.

പുതിയ ലാവണങ്ങൾ

ഇലക്ട്രിസിററി വകുപ്പിൽ 450—750 സ്കെയിലിൽ ഒരു ജൂനിയർ ഇൻവെസ്റ്റിഗേഷൻ എക്സിക്യൂട്ടീവ് എൻജിനീയറുടെയും പി. ഡബ്ളിയു. ഡി. വകുപ്പിൽ 450—750 സ്കെയിലിൽ ഒരു ബ്രിഡ്ജിംഗ് എക്സിക്യൂട്ടീവ് എൻജിനീയറുടെയും ഒരു ബിൽഡിംഗ് ആൻഡ് ഡിസൈനിംഗ് എക്സിക്യൂട്ടീവ് എൻജിനീയറുടെയും തസ്തികകൾ പുതുതായി സൃഷ്ടിക്കാൻ ഗവ: അനുവദിച്ചിരിക്കുന്നു.

അസി: കൺസർവേററർ

കോന്നിഡിവിഷനിലെ പ്രൊബേഷനറി അസി: കൺസർവേററർ മണിയെ, എ. ഐ. ഐപ്പിനെ മററു ജോലിയിൽ നിയമിച്ച ഒഴിവിൽ എഫ്. ഐ. ററി. ആഫീസർ ഇൻചാർജായി നിയമിച്ചിരിക്കുന്നു.

ഗവ: ഭക്ഷ്യധാന്യഡിപ്പോ

മൂവാററുപുഴത്താലൂക്കിലും ഗവർമ്മെൻറ് ഹോൾസെയിൽ ഭക്ഷ്യധാന്യ മെയിൻ ഡിപ്പോ തുറക്കാൻ ഗവ: അനുവദിച്ചിരിക്കുന്നു. മററു സ്ഥലങ്ങളിലെ ഗവ: ഡിപ്പോകളിലെപ്പോലെ ഗവ: ഫുഡ്ഡിപ്പാർട്ടുമെൻറിൽ നിന്ന് ഈ ഡിപ്പോയിലേയ്ക്കും സ്റ്റാഫിനെ നിയമിക്കുന്നതാണ്.

നിയമനം

കമ്യൂണിററി പ്രോജക്ട് ഡവലപ്പ്മെൻറ് ഡയറക്ടറെ സഹായിക്കാൻ 200-500 സ്കെയിലിൽ ഒരു ഫിനാൻസ് അസിസ്റ്റൻറിനെ നിയമിക്കാൻ ഗവ: അനുവദിക്കുകയും കൺട്രോളർ ആഫീസ് അക്കൗണ്ടൻറ് എം. ചെല്ലപ്പൻപിള്ളയെ ഡവലപ്പ്മെൻറ് കമ്മീഷണറുടെ നിയന്ത്രണത്തിൽ ഫിനാൻസ് അസിസ്റ്റൻറായി നിയമിക്കുകയും ചെയ്തിരിക്കുന്നു. ഈ നിയമനം, സെപ്തംബർ 19 മുതൽ ഒരു വർഷത്തേയ്ക്കായിരിക്കുന്നതാണ്, ഈ ഫിനാൻഷ്യൽ അസിസ്റ്റൻറ്, ഫിനാൻഷ്യൽ അക്കൌണ്ടന്റ്, ഇൻേറർണൽ ആഡിററർമാരുടെയായിരിക്കും. അദ്ദേഹത്തിൻെറ ആസ്ഥാനം തിരുവനന്തപുരമായിരിക്കുന്നതാണ്.

ട്രാൻ: ബോണസ്

സെപ്തംബർ 19 വരെ 1290 ട്രാൻസ്പോർട്ടു തൊഴിലാളികൾക്കു ബോണസ്സ് വാങ്ങിയതായി അറിയിക്കപ്പെട്ടിരിക്കുന്നു.

ഫുട്ട്ബാൾ മൽസരം

ഇന്നു നടന്ന ഇൻറർ യൂണിവേഴ്സിററി ഫുട്ട്ബാൾ ടൂർണ്ണമെൻറ് സെമിഫൈനൽസിൽ ബോംബെ യൂണി:ടീമും നാഗപ്പൂർ യൂണി:ടീമും തമ്മിൽ മത്സരിച്ചതിൽ ബോംബെ ഒരു ഗോളോടുകൂടി വിജയിച്ചിരിക്കുന്നു. അടുത്ത തിങ്കളാഴ്ച ബോംബെയും തിരുവിതാംകൂറും യൂണിവേഴ്സിററി ടീമുകൾതമ്മിൽ ഫൈനൽ മത്സരം നടക്കുന്നതാണ്.

തൊഴിലില്ലായ്മ ദിനം

തൊഴിലില്ലായ്മ ദിനമാചരിക്കുന്നതിന് നാളെ വൈകുന്നേരം സോഷ്യലിസ്റ്റ്പാർട്ടിയുടെ കീഴിലുള്ള വിവിധ തൊഴിലാളി ഘടകങ്ങൾ ചേർന്ന് ഒരു സമ്മേളനം തമ്പാനൂർ രൈമതാനത്തുവച്ചു നടക്കുന്നതാണ്.

അവയവങ്ങൾ